പന്ത്രണ്ടാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006-2008)

**രണ്ടാമത് റിപ്പോർട്ട്**

(2008 മാർച്ച് 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത സൗകര്യം
വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചുള്ള 10-ാം കേരള
നിയമസഭയുടെ 2-ാം സമ്മേളനത്തിലെ
2-ാം നമ്പർ ഉറപ്പ് സംബന്ധിച്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006–2008)

രണ്ടാമത് റിപ്പോർട്ട്

(2008 മാർച്ച് 18–ാം തീയതി സഭയിൽ സമർപ്പിച്ചത്)

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കുന്നതു
സംബന്ധിച്ചുള്ള 10–ാം കേരള നിയമസഭയുടെ 2–ാം സമ്മേളനത്തിലെ
2–ാം നമ്പർ ഉറപ്പ് സംബന്ധിച്ച്

402/2008.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 28 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
(2006-2008)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

അംഗങ്ങൾ :

ശ്രീ. എം. ഹംസ
,, എം. ജെ. ജേക്കബ്
,, വർക്കല കഹാർ
,, ജോർജ് എം. തോമസ്
,, കെ. പി. മോഹനൻ
,, എസ്. രാജേന്ദ്രൻ
,, കെ. കെ. ഷാജു
,, വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീ. കെ. ആർ. വേണുഗോപാലൻ, അഡീഷണൽ സെക്രട്ടറി
,, തോമസ് ജോർജ്, റിസർച്ച് ഓഫീസർ
,, കെ. മുരളീധരൻ നായർ, അണ്ടർ സെക്രട്ടറി.

# ആമുഖം

ഭാരതത്തിന്റെ സ്വാതന്ത്ര്യാനന്തരം ഭരണഘടന രൂപപ്പെടുത്തുന്ന അവസരത്തിൽ ക്രാന്തദർശികളായ നമ്മുടെ ഭരണഘടനാശില്പികൾ സാമൂഹ്യ നീതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക സംവരണതത്വവും മറ്റ് പരിഗണനകളും നടപ്പിലാക്കാനുള്ള നിർദ്ദേശം ഉൾപ്പെടുത്തുകയുണ്ടായി. സ്വതന്ത്ര ഭാരതത്തിൽ മാറിമാറി വന്ന ജനകീയ ഗവൺമെന്റുകളുടെ പ്രവർത്തന ഫലമായി ഈ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ കുറച്ച് പുരോഗതി ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറയ്ക്കാനും അധഃകൃത വിഭാഗങ്ങളെ ഉയർന്ന സാമൂഹ്യജീവിതത്തിന് പ്രാപ്തരാക്കാനും ഒരു പരിധിവരെ സാധിച്ചെങ്കിലും ഇന്നും ഈ സമൂഹം ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇതര വിഭാഗങ്ങളേക്കാൾ വളരെ പിന്നിൽ നിൽക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.

സാമൂഹ്യനീതി സമൂഹത്തിൽ എല്ലാ തലങ്ങളിലും തുല്യമായി എത്തിക്കുക എന്നുള്ളത് ജനാധിപത്യ വ്യവസ്ഥിതിയുടെ ഒരു പ്രധാന ധർമ്മമാണ്. അതുകൊണ്ടുതന്നെ മാറിമാറി വന്ന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്രമായ ക്ഷേമം ലക്ഷ്യമിട്ട് വിവിധ കർമ്മ പദ്ധതികളിലൂടെ കോടിക്കണക്കിന് തുക ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ മേഖലയിൽ ചെലവഴിച്ച തുക പൂർണ്ണമായും ശരിയായ ദിശയിലായിരുന്നുവെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇതിലേറെ പുരോഗതി കൈവരിക്കേണ്ടതായിരുന്നു. സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ പലതും ജലരേഖയാകുകയും ചെലവഴിക്കപ്പെട്ട തുകയുടെ ഭൂരിഭാഗവും അനർഹരുടെ കൈകളിലെത്തുകയും ചെയ്തു. അതുകൊണ്ടുതന്നെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ കാര്യമായ പുരോഗതിയുണ്ടായില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട് 10-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ സഭാതലത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്രമായ ഉന്നമനത്തിന് എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നു. സർക്കാർ നിയമസഭാ തലത്തിൽ നൽകുന്ന ഉറപ്പുകൾ യഥാസമയം പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യാൻ ചുമതലപ്പെടുത്തപ്പെട്ട സമിതിയാണ് ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ ഉറപ്പ് 10-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ 2-ാം നമ്പർ ഉറപ്പായി അംഗീകരിക്കുകയും പ്രസ്തുത ഉറപ്പിന്മേലുള്ള തുടർ നടപടികൾ സൂക്ഷ്മമായി നിരീക്ഷിച്ച് വരികയും ചെയ്തു. അതിന്റെ ഭാഗമായി സമിതി പാലക്കാട്, വയനാട് ജില്ലകളിലെ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതിക്ക് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ വർഷങ്ങളായി നിലനിന്നു പോരുന്ന ചില തെറ്റായ നടപടിക്രമങ്ങളെ ഈ റിപ്പോർട്ടിലൂടെ ഒന്നു ചൂണ്ടിക്കാണിക്കാൻ മാത്രമാണ് സമിതി ശ്രമിച്ചിട്ടുള്ളത്. സമിതി

നടത്തിയ പഠന സന്ദർശനങ്ങളും തെളിവെടുപ്പും ചർച്ചകളിലും ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽ സമിതിയുടെ നിരീക്ഷണങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. 2008 മാർച്ച് 13-ാം തീയതി ചേർന്ന യോഗം അംഗീകരിച്ച ഈ റിപ്പോർട്ട് ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കെ. കുട്ടി അഹമ്മദ് കുട്ടി,
*ചെയർമാൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2008 മാർച്ച്, 18.

# റിപ്പോർട്ട്

## ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി

(2006–2008)

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 10-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ 2-ാം നമ്പർ ഉറപ്പ് സംബന്ധിച്ച റിപ്പോർട്ട്**

സ്വാതന്ത്ര്യലബ്ധിക്കുശേഷം ആറ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ കേരളം സാമൂഹ്യം, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും ഇതര സംസ്ഥാനങ്ങളേക്കാൾ ബഹുദൂരം മുന്നേറിക്കഴിഞ്ഞു. ഭരണകൂടം ആവിഷ്കരിച്ച് നടപ്പാക്കുന്ന ദീർഘവീക്ഷണത്തോടെയുള്ള കർമ്മ പദ്ധതികളും കർമ്മോത്സുകരായ ഒരു ജനതയുടെ കഠിനാദ്ധ്വാനവും കൊണ്ടാണ് ഈ നേട്ടം ആർജ്ജിച്ചെടുക്കാൻ സാധിച്ചത്. എന്നാൽ പ്രത്യേകമായ സാമൂഹ്യ വ്യവസ്ഥിതിയും വേറിട്ട സാംസ്കാരിക പൈതൃകവും പിന്തുടർന്നുവന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വളർച്ചയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ പിൻതള്ളപ്പെട്ടുപോയി. അയിത്തവും അടിമത്തവും അനുഭവിച്ച് ചൂഷണങ്ങൾക്ക് വിധേയരായിക്കഴിഞ്ഞിരുന്ന പൂർവ്വകാലത്തിൽനിന്നും കുറച്ചൊക്കെ മുന്നേറാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും മുഖ്യധാരയിൽനിന്നും വളരെയേറെ അകന്നു നിൽക്കുകയാണീ സമൂഹം.

2. ഭരണഘടനയിൽതന്നെ പ്രത്യേക പരിരക്ഷ നൽകിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ കർമ്മ പദ്ധതികളിലൂടെ നാളിതുവരെ കോടിക്കണക്കിന് തുക ചെലവഴിച്ചു കഴിഞ്ഞെങ്കിലും അവ പൂർണ്ണമായും അർഹതപ്പെട്ട കൈകകളിൽ എത്തുകയുണ്ടായില്ല. തൽഫലമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ഇപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹമായിത്തന്നെ നിലനിൽക്കുന്നു.

3. ഭരണഘടനയുടെ 341, 342 ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗമാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാർ. 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി വിഭാഗക്കാരുടെ ജനസംഖ്യ 31,23,941-ഉം പട്ടികവർഗ്ഗവിഭാഗക്കാരുടെ ജനസംഖ്യ 3,64,189-ഉം ആണ്. എന്നാൽ 2004-ൽ പട്ടികവർഗ്ഗ ലിസ്റ്റിൽ മാവിലൻ, കരിമ്പാലൻ തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുകയും മറാഠി വിഭാഗത്തെ ഒഴിവാക്കുകയും ചെയ്തതിനാൽ 30,000-ൽ അധികംപേർ പട്ടികവർഗ്ഗ വിഭാഗത്തിൽ കൂടുതലായി വന്നിട്ടുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് 7,09,143 പട്ടികജാതി കുടുംബങ്ങളും 92,785 പട്ടികവർഗ്ഗ കുടുംബങ്ങളും 4082 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളും ഉണ്ടെന്നാണ് കണക്കാക്കുന്നത്. 2001-ലെ സെൻസസ് പ്രകാരമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-2 ആയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമുദായം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-3 ആയും ചേർത്തിരിക്കുന്നു. പട്ടികജാതി കോളനികളുടെ കണക്ക് അനുബന്ധം-4 ആയും പട്ടികവർഗ്ഗ കോളനികളുടെ എണ്ണം അനുബന്ധം 5 ആയും ചേർത്തിരിക്കുന്നു. പട്ടികജാതി വിഭാഗക്കാരുടെ

KNPP. 402/2008.

സാക്ഷരതാ നിരക്ക് 73.14%-ഉം പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാക്ഷരതാ നിരക്ക് 64.4%-ഉം ആണ്. ഇവരിൽ ബഹുഭൂരിപക്ഷംപേരും കർഷക തൊഴിലാളികളും ദരിദ്ര വിഭാഗത്തിൽപ്പെടുന്നവരുമാണ്.

4. 10-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ചോദ്യത്തിന് പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സംഖ്യ യഥാർത്ഥ കൈകളി ലെത്തിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതാണെന്ന് സർക്കാർ നിയമസഭയിൽ മറുപടി നൽകിയിരുന്നു. ഈ മറുപടി ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി 2-ാം നമ്പർ ഉറപ്പായി പരിഗണിക്കുകയും പ്രസ്തുത ഉറപ്പിന്മേലുള്ള തുടർനടപടികൾ സൂക്ഷ്മമായി പരിശോധിച്ച് വരികയും ചെയ്തു. ഇത് സംബന്ധിച്ച തുടർനടപടികൾ പരിശോധിക്കുന്നതിന്റെ ഭാഗമായി പാലക്കാട്, വയനാട് എന്നീ ജില്ലകൾ സമിതി സന്ദർശിക്കുകയും പ്രസ്തുത മേഖലകളിൽ സർക്കാർ നടപ്പാക്കിയ വിവിധ പദ്ധതിക ളുടെ പുരോഗതി വിലയിരുത്തുകയും കൂടാതെ സംസ്ഥാന ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങളിൽനിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്തു. മേൽപ്പറഞ്ഞ തെളിവെടുപ്പിന്റെയും സന്ദർശനങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

5. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതോടെ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി അടങ്കലിൽ പട്ടികജാതി വിഭാഗക്കാർക്കായിട്ടുള്ള പ്രത്യേക ഘടക പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുകയുടെ $^{2}/_{3}$ ഭാഗത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്. ഉദാഹരണത്തിന് 2007-08 വർഷത്തിൽ പ്രത്യേക ഘടക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 681.80 കോടി രൂപയിൽ 443.30 കോടി രൂപയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി നീക്കിവച്ചിരിക്കുകയാണ്. ശേഷിക്കുന്ന തുകയിൽ 125.08 കോടി രൂപ മാത്രമാണ് പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ളത്. ശേഷിച്ച 113.42 കോടി രൂപയിൽ 18.01 കോടി രൂപ ഗ്രാമവികസന വകുപ്പിനും ബാക്കി തുകയായ 95.141 കോടി രൂപ വിവിധ വകു പ്പുകൾക്ക് വകയിരുത്തിയിരിക്കുന്ന നോഷണൽ ഫ്ളോയുമാണ്.

6. വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളായ വിദ്യാഭ്യാസാനുകൂല്യ ങ്ങളുടെ വിതരണം, ഭവന നിർമ്മാണ ധനസഹായം, വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം, മിശ്രവിവാഹിതർക്കുള്ള ധനസഹായം തുടങ്ങിയവ യെല്ലാം ഗുണഭോക്താക്കൾക്ക് നേരിട്ടാണ് ധനസഹായം എത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ് എന്നീ ഏജൻസികളെ 35 കോടി രൂപ ഏൽപ്പിച്ചുവെങ്കിലും പ്രായോഗിക തലത്തിൽ ടി ഏജൻസികളും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ പുരോഗതി യനുസരിച്ച് ധനസഹായം നേരിട്ട് ഗഡുക്കളായി ഗുണഭോക്താക്കൾക്ക് കൈമാറുകയാണ്.

7. വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണ കാര്യത്തിൽ സ്ഥാപന മേധാവികൾ വഴിയാണ് ധനസഹായത്തുക നൽകുന്നതെങ്കിലും ഇവയുടെ വിതരണത്തിന്റെ മേൽനോട്ടത്തിനായി മേഖലാതലത്തിൽ രണ്ട് ഡപ്യൂട്ടി ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ട്. സ്ഥാപന മേധാവികൾ ആനുകൂല്യ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുന്നതായി

ശ്രദ്ധയിൽപ്പെടുന്നപക്ഷം അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗവും കാലാകാലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കണക്കുകൾ പരിശോധിക്കുന്നുണ്ട്.

8. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാംതന്നെ ഇടനിലക്കാർ ഇല്ലാത്തതിനാൽ താരതമ്യേന ദുർവിനിയോഗം കുറവാണ്. എന്തെങ്കിലും ദുർവിനിയോഗം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പുതല അന്വേഷണം നടത്തി ശക്തമായ ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

9. കേരളത്തിലെ പട്ടികജാതി വികസനം സംബന്ധിച്ച ഒരു പട്ടിക അനുബന്ധം-5 ആയി ചേർത്തിരിക്കുന്നു.

10. പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ അവരുടെ സാമൂഹ്യം, സാമ്പത്തികം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിലെയും പശ്ചാത്തല മേഖലയുടെയും ഉന്നമനം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഇന്ന് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതികൾ ഈ പദ്ധതിമൂലം സാധ്യമായിട്ടുള്ളതാണ്. ഇങ്ങനെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ചെലവാക്കുന്ന തുക ആളോഹരി അടിസ്ഥാനത്തിൽ വിലയിരുത്തുന്നത് യുക്തിസഹമല്ല.

11. വിവിധ വികസന വകുപ്പുകളുടെ പദ്ധതികളുടെ ഭാഗമായിട്ടായിരുന്നു പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള പദ്ധതികൾ ആദ്യകാലങ്ങളിൽ നടപ്പാക്കിയിരുന്നത്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും മേൽ സൂചിപ്പിച്ച സംവിധാനത്തിന് കഴിയാതിരുന്നതിന്റെ അടിസ്ഥാനത്തിലാണ് അഞ്ചാം പദ്ധതിയുടെ ആദ്യ വർഷം മുതൽ (1974-75) പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള പട്ടികവർഗ്ഗ ഉപപദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കി തുടങ്ങിയത്. പട്ടികവർഗ്ഗ ഉപപദ്ധതിയനുസരിച്ച് സംസ്ഥാന ബഡ്ജറ്റിൽ വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുമ്പോൾ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യക്ക് ആനുപാതികമായി തുക പട്ടികവർഗ്ഗ ഉപപദ്ധതിക്കായി വകയിരുത്തേണ്ടതാണ്. ഇതര ജനവിഭാഗങ്ങളിൽനിന്നും വ്യത്യസ്തമായി പ്രത്യേക ഗോത്രങ്ങളായി (ഊര്, കുടി മുതലായവ) പട്ടികവർഗ്ഗക്കാർ അധിവസിച്ചിരുന്നതിനാൽ അവരുടെ ആവാസകേന്ദ്രങ്ങൾ എല്ലാ രീതിയിലും വികസിക്കണമെന്ന ലക്ഷ്യത്തോടെയാണ് പട്ടികവർഗ്ഗ ഉപപദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വന്നിട്ടുള്ളത്. തന്മൂലം ഈ പദ്ധതി പ്രകാരം ഓരോ പട്ടികവർഗ്ഗ പ്രദേശത്തിനും അവശ്യംവേണ്ട ഭൗതിക സജ്ജീകരണങ്ങൾ സാമ്പത്തിക വികസനത്തിനും സാംസ്കാരികമായ ഉന്നമനത്തിനും ഒപ്പം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ ആശയത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന വികസന ബ്ലോക്കുകൾ അടിസ്ഥാന ഘടകങ്ങളാക്കിക്കൊണ്ട് പട്ടികവർഗ്ഗ വികസനം ത്വരിതപ്പെടുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ അധിവസിച്ചിരുന്ന അട്ടപ്പാടി ബ്ലോക്കിനെ 1962 മുതൽ ട്രൈബൽ ബ്ലോക്കായി അംഗീകരിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 1978 മുതൽ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ടായി അട്ടപ്പാടി ട്രൈബൽ ബ്ലോക്ക് പരിവർത്തനം ചെയ്തിരുന്നു,

12. സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും സ്വയം അകന്നുമാറി കഴിഞ്ഞിരുന്ന കേരളത്തിലെ പട്ടികവർഗ്ഗക്കാർ വനാന്തരങ്ങളിലെ ജീവിതവും ബാഹ്യ

ലോകവുമായുള്ള അകൽച്ചയുംമൂലം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പിൻനിരയിലായിരുന്നു. പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ആരോഗ്യ വിദ്യാഭ്യാസ മേഖലകളുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## 13. വിദ്യാഭ്യാസ പരിപാടികൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെ 60% വിദ്യാഭ്യാസ കാര്യങ്ങൾക്കായാണ് ചെലവഴിക്കുന്നത്. അത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

(1) പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടങ്ങളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുകയും ലംപ്സം ഗ്രാന്റായി ഓരോ കുട്ടിക്കും പ്രതിവർഷം 65 രൂപ വീതം നൽകുകയും ചെയ്യുന്നു.

(2) **പ്രീ-മെട്രിക് വിദ്യാഭ്യാസം**:

എസ്. എസ്. എൽ. സി. വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ് ത്രിമാസ സ്റ്റൈപ്പെന്റ് എന്നിവ നൽകിവരുന്നു. 2004-05 വർഷം 60,413 പേരും 2005-06 വർഷം 72,032 പേരും 2006-07 വർഷം 74,905 പേരും 2007-08 വർഷം 72,186 പേരും വിവിധ പ്രീ-മെട്രിക് ക്ലാസ്സുകളിൽ ആനുകൂല്യങ്ങൾക്ക് അർഹരായി.

(3) **പോസ്റ്റ് മെട്രിക് പഠനം**:

പത്താം ക്ലാസ് കഴിഞ്ഞുള്ള വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെന്റും നൽകുന്നു. 2004-05 വർഷം 6,250, 2005-06 വർഷം 7,075, 2006-07 വർഷം 8,416, 2007-08 വർഷം 6,213 എന്നിവർ വിവിധ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിച്ചിരുന്നു.

(4) **വസ്ത്ര വിതരണം**:

ട്രൈബൽ സ്കൂളുകളിലും വെൽഫയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും 2 ജോഡി യൂണിഫോം നൽകിവരുന്നു. ബഡ്ജറ്റിൽ നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തുന്ന സംഖ്യ അർഹതയുള്ള മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നതിന് തികയുന്നില്ല.

(5) **ബോർഡിംഗിനുള്ള ധനസഹായം**:

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ കഴിയുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് ഇനത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 500 രൂപ നിരക്കിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 600 രൂപ നിരക്കിലും ധനസഹായം

നൽകിവരുന്നു. കൂടാതെ ടി കുട്ടികൾക്ക് യൂണിഫോം അലവൻസായി 1-4 ക്ലാസ്സുകാർക്ക് 350 രൂപയും 5-7 ക്ലാസ്സുകാർക്ക് 500 രൂപയും 8-10 ക്ലാസ്സുകാർക്ക് 600 രൂപയും പ്രതിവർഷം അനുവദിക്കുന്നു. നോൺ പ്ലാൻ ശീർഷകത്തിൽ മതിയായ തുക വകയിരുത്താത്തതുമൂലം ടി ആനുകൂല്യം പൂർണ്ണമായി നൽകാനാകുന്നില്ല.

(6) **പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് പ്രോത്സാഹനം:**

ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ നിരക്കിൽ പ്രോത്സാഹന ധനസഹായം നൽകിവരുന്നു. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ കുട്ടികളുടെ രക്ഷിതാക്കൾക്കും പ്രോത്സാഹന ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തുന്ന തുക തികയുന്നില്ല.

(7) **സ്കൂളുകളിൽ പഠിക്കുന്നവർക്കും പരാജിതരായവർക്കും വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി:**

എസ്. എസ്. എൽ. സി. വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹൈസ്കൂളുകളിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷയ്ക്കായി പ്രത്യേക കോച്ചിംഗ് നൽകിവരുന്നു. പാലക്കാട് നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ ഗിരിവികാസ് എന്ന പേരിലും അട്ടപ്പാടിയിൽ അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാംമിംഗ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഗുരുകുലം എന്ന പേരിലും എസ്. എസ്. എൽ. സി., പ്ലസ്ടു പരാജിതരായ പട്ടികവർഗ്ഗ കുട്ടികൾക്കും സൗജന്യ താമസ ഭക്ഷണ സൗകര്യത്തോടുകൂടി കോച്ചിംഗ് നൽകി വീണ്ടും പരീക്ഷ എഴുതുന്നതിനുള്ള രണ്ട് പ്രോജക്ടുകൾ നടപ്പാക്കിവരുന്നു. കൂടാതെ ട്യൂട്ടോറിയൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേക്കായി പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾക്ക് നേരിട്ട് നൽകിവരുന്നു.

(8) **വിദഗ്ദ്ധരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം:**

വാർഷിക പരീക്ഷയിൽ 45%-വും അതിൽ കൂടുതലും മാർക്ക് വാങ്ങി 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായമായി 50 രൂപ വീതം നൽകിവരുന്നു.

(9) **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം:**

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി എസ്. എസ്. എൽ. സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 3000, 4000, 4500, 6000 രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹനം നൽകിവരുന്നു. കൂടാതെ വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽനിന്നും എസ്. എസ്. എൽ. സി. ഫസ്റ്റ് ക്ലാസ്സിൽ താഴെ, ഏറ്റവും കൂടുതൽ മാർക്കുവാങ്ങി പാസ്സാകുന്ന ഓരോ ജില്ലയിലേയും 20 വിദ്യാർത്ഥികൾക്ക് 2000 രൂപ നിരക്കിലും പ്ലസ് ടു കോഴ്സുകളിലെ 5 കുട്ടികൾക്ക് 3000 രൂപ നിരക്കിലും പ്രത്യേക പ്രോത്സാഹനം നൽകിവരുന്നു.

(10) **പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ:**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രൊഫഷണൽ കോഴ്സിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിന് പ്രത്യേകം പരിശീലനം നൽകിവരുന്നു.

(11) **പ്രീ-മെട്രിക് ഹോസ്റ്റലുകൾ:**

പട്ടികവർഗ്ഗക്കാരുടെ ആവാസ കേന്ദ്രങ്ങൾ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ആയതിനാൽ അവരുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നിറവേറ്റുന്ന തിനായി വകുപ്പിന്റെ കീഴിൽ 108 പ്രീ-മെട്രിക് ഹോസ്റ്റലുകൾ (67 ആൺകുട്ടികൾ + 38 പെൺകുട്ടികൾ + 3 മിക്സഡ്) പ്രവർത്തിച്ചുവരുന്നു. 6000 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ടി ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നു. ടി ഹോസ്റ്റലുകളിലെ ഭക്ഷണത്തിനും മറ്റ് അനുബന്ധ ചെലവുകൾക്കും വേണ്ടി പ്രതിവർഷം 5 കോടി രൂപ ആവശ്യമാണ്. എന്നാൽ 3.5 കോടി രൂപ മാത്രമേ 2007-08 വർഷം വകയിരുത്തിയിട്ടുള്ളു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ വാടക നൽകുന്നതിന് പ്രതിവർഷം 10,00,000 രൂപ വേണ്ടിവരുന്നു. മുൻവർഷങ്ങളിലെ കുടിശ്ശികയായ 18,18,550 രൂപ സഹിതം 2007-08 വർഷം 28,18,550 രൂപ ആവശ്യമായതിന് 10,00,000 രൂപ മാത്രമേ നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളു.

(12) **മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ:**

സമർത്ഥരായ പട്ടികവർഗ്ഗക്കാർക്ക് മേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനും പബ്ലിക് സ്ക്കൂൾ മാതൃകയിൽ റസിഡൻഷ്യൽ സൗകര്യത്തോടുകൂടിയുള്ള 18 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ/ആശ്രമം സ്ക്കൂളുകൾ പട്ടികവർഗ്ഗ വികസന വകുപ്പിലും 7 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ പട്ടികജാതി വികസന വകുപ്പിലും പ്രവർത്തി ച്ചുവരുന്നു. 2006-07 അദ്ധ്യയന വർഷത്തിൽ എം. ആർ. എസ്സ്. കളിൽ പഠിച്ച 99% കുട്ടികൾ എസ്. എസ്. എൽ. സി. പരീക്ഷ വിജയിച്ചു. ടി സ്ക്കൂളുകളിലായി 4800 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ ഭക്ഷണ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 9.5 കോടി രൂപ പ്രതിവർഷം ആവശ്യമാണ്. എന്നാൽ 7.5 കോടി രൂപ മാത്രമേ 2007-08 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളു.

(13) **പോസ്റ്റ് മെട്രിക് ഹോസ്റ്റൽ:**

പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

(14) **വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്:**

ദേശീയ തൊഴിലധിഷ്ഠിത പരിശീലന കൗൺസിലിന്റെ അംഗീകാരമുള്ള വിഷയ ങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഓരോ ഐ. റ്റി. സി. കൾ പ്രവർത്തിച്ചു വരുന്നു.

(15) **വ്യവസായ പരിശീലന കേന്ദ്രങ്ങൾ:**

സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്ന 20 മാതൃകാ പരിശീലന കേന്ദ്രങ്ങൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

(16) **ഉൽപ്പാദന പരിശീലന കേന്ദ്രം:**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിൽ ആനപ്പാറയിൽ ഒരു ഉൽപ്പാദന പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

## 14. ആരോഗ്യ പദ്ധതികൾ

(1) **മെഡിക്കൽ യൂണിറ്റുകൾ:**

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 2 മിഡ്‌വൈഫറി സെന്ററുകളും ഒരു ആയുർവേദ ആശുപത്രിയും 17 ആയുർവേദ ഡിസ്പെൻസറികളും 6 ഒ. പി. ക്ലീനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

(2) **സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ:**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നെടുമങ്ങാട്, തൊടുപുഴ എന്നീ സ്ഥലങ്ങളിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(3) **മാനന്തവാടി, അട്ടപ്പാടി, ഇടുക്കി ആരോഗ്യ പദ്ധതികൾ:**

മാനന്തവാടി, ഇടുക്കി, അട്ടപ്പാടി എന്നീ പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, സിക്കിൾ സെൽ അനീമിയ എന്നീ രോഗങ്ങൾ ചികിത്സിക്കുന്നതിന് മൂന്നു ഹെൽത്ത് പ്രോജക്ടുകൾ പ്രവർത്തിച്ചു വരുന്നു. മാനന്തവാടിയിലെ നല്ലൂർനാട്ടിലും അട്ടപ്പാടിയിലെ കോട്ടത്തറയിലുമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ആരോഗ്യവകുപ്പിന് കൈമാറി ആവശ്യമായ ജീവനക്കാരോടുകൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(4) **പട്ടികവർഗ്ഗക്കാർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി:**

പട്ടികവർഗ്ഗക്കാർക്കുവേണ്ടി 10 കോടി രൂപ (കേന്ദ്ര സഹായത്തോടെ) മുടക്കി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സമഗ്രവും സൗജന്യവുമായ ചികിത്സ ലഭിക്കുന്നതാണ്. പ്രാക്തന ഗോത്ര വർഗ്ഗത്തിലെ 4500 കുടുംബങ്ങളെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ ജനശ്രീ ബീമ യോജന പോളിസിയിൽ 5 വർഷത്തേയ്ക്ക് ഇൻഷ്വർ ചെയ്തിട്ടുണ്ട്. 2000 കുടുംബങ്ങളെകൂടി 2007-08 വർഷം ഇൻഷ്വർ ചെയ്ത് സംസ്ഥാനത്ത് മുഴുവൻ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതാണ്.

## 15. സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികൾ

(1) **അടിയ പണിയ പാക്കേജ്:**

ഏറ്റവും പിന്നോക്കം നിൽക്കുന്ന അടിയൻ, പണിയർ എന്നീ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(2) **വർഷകാലത്ത് ജോലിക്ക് ആഹാരം നൽകുന്ന പദ്ധതി:**

വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്തുപോയി അവർ സാധാരണ ചെയ്യുന്ന ജോലികൾ ചെയ്യുവാൻ സാധിക്കാതെ വരുന്നതിനാൽ ഈ കാലയളവിൽ അവർക്ക് ജോലിയും ആഹാരവും ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ജൂൺ മാസം മുതൽ സെപ്തംബർ വരെയുള്ള 4 മാസമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ചില പ്രദേശങ്ങളിൽ തുടർച്ചയായുള്ള മഴ കാരണം പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭിക്കാത്ത സാഹചര്യത്തിൽ സെപ്തംബർ മാസത്തിനുശേഷവും ടി പദ്ധതി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പാക്കിവരുന്നു.

(3) **അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ:**

ടി. ആർ. ഡി. എം. മുഖേന പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഭവന നിർമ്മാണവും മറ്റ് അനുബന്ധ സൗകര്യങ്ങളും കൃഷിക്കുള്ള ജലസേചനം, സ്വയം തൊഴിൽ പദ്ധതികൾ, ആരോഗ്യപരിപാലന പരിപാടികൾ എന്നിവ നടപ്പിലാക്കിവരുന്നു.

(4) **പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം:**

പട്ടികവർഗ്ഗക്കാരിൽ പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ കുടുംബ ങ്ങൾക്ക് താമസ സൗകര്യം, കുടിവെള്ളം, ശുചിത്വം, വെളിച്ചം എന്നീ അടിസ്ഥാനാ വശ്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. 2006-07-ൽ പ്രത്യേക കേന്ദ്ര സഹായ ഇനത്തിൽ ഉൾപ്പെടുത്തി 90,000 രൂപ നിരക്കിൽ 1111 വീടുകൾക്ക് ഭരണാനുമതി നൽകുകയും പണി പുരോഗമിച്ച് വരികയും ചെയ്യുന്നു.

(5) **പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം:**

പട്ടികവർഗ്ഗത്തിൽപ്പെട്ട വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 10,000 രൂപ നൽകിവരുന്നു.

16. വിദ്യാഭ്യാസ രംഗത്ത് നൽകുന്ന വൻ പ്രാധാന്യം കാരണം ഗണ്യമായ നേട്ടം പട്ടികവർഗ്ഗ വിഭാഗത്തിന് കൈവരിക്കുവാനായിട്ടുണ്ട്. 2006-07 വർഷം എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ 4907 പട്ടികവർഗ്ഗ കുട്ടികളിൽ 2958 പേർ ഉപരിപഠനത്തിന് അർഹത നേടിയിരുന്നു. (വിജയ ശതമാനം 60.28) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചു പഠിച്ച 514 കുട്ടികളിൽ 362 പേർ എസ്. എസ്. എൽ. സി. പരീക്ഷ ജയിച്ചിരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിച്ചിരുന്ന 508 കുട്ടികളിൽ 502 പേർ എസ്. എസ്. എൽ. സി. പരീക്ഷ ജയിച്ചു. പ്രീ-മെട്രിക് തലത്തിൽ പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് 3.24ശതമാനമായി കുറയ്ക്കുന്നതിന് കഴിഞ്ഞുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ പെർഫോർമൻസ് ആഡിറ്റു വിഭാഗം നിരീക്ഷണം നടത്തിയിട്ടുണ്ട്. വിവിധ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ചേർന്നു പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 2001-ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗക്കാരുടെ സാക്ഷരതാ നിരക്ക് 64.35 ആണ്.

17. കഴിഞ്ഞ 30 വർഷമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തന ഫലമായി പട്ടികവർഗ്ഗ ജനസംഖ്യയിൽ 50 ശതമാനത്തിലധികം വരുന്ന മലഅരയ, കുറിച്ചിയ, കുറുമ, കാണിക്കാർ വിഭാഗം വിവിധ രംഗങ്ങളിൽ മികവാർന്ന നേട്ടം

കൈവരിച്ചതായി കാണാവുന്നതാണ്. വളരെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന പണിയ, അടിയ, പ്രാക്തന ഗോത്ര വർഗ്ഗക്കാരിലും ശക്തമായ മാറ്റത്തിന് തുടക്കം കുറിക്കുവാനായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ വിവിധ പട്ടികവർഗ്ഗക്കാർക്ക് അഭൂത പൂർവ്വമായ നേട്ടമാണ് കൈവരിക്കാനായിട്ടുള്ളത്. പൊതു സമൂഹത്തിൽ ഒറ്റപ്പെട്ട് കഴിഞ്ഞിരുന്ന പട്ടികവർഗ്ഗക്കാർ ഇന്ന് ഏതാണ്ട് പൊതു സമൂഹവുമായി ഇടകലർന്ന് ജീവിതം നയിക്കുകയാണ്. അതിന്റേതായ പ്രശ്നങ്ങൾ വികസന കാര്യങ്ങളിൽ ഉണ്ടെ ങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സർക്കാരിന്റെ പരിശ്രമവും ഈ രംഗത്ത് ശ്രദ്ധേയമായ മാറ്റം വരുംവർഷങ്ങളിൽ കൈവരിക്കാനാകുമെന്ന് പ്രത്യാശ നൽകുന്നു. ചുരുക്കത്തിൽ സാമൂഹ്യ ജീവിയായ മനുഷ്യൻ പൊതു സമൂഹത്തിലെ ഇടപെടലുകളിലൂടെയാണ് സാമൂഹ്യമായും സാംസ്കാരികമായും സാമ്പത്തികമായും അഭിവൃദ്ധി പ്രാപിക്കുന്നത്. പട്ടികവർഗ്ഗ സമൂഹത്തിലും അപ്രകാരം മാത്രമേ പരിവർത്തനം ഉണ്ടാകുകയുള്ളൂ.

18. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഭൂമി വിതരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം, തൊഴിൽ, കലാ-കായികം തുടങ്ങിയ മേഖലകളിലെ നിരവധി പ്രശ്നങ്ങൾ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട പല സുപ്രധാന വിവരങ്ങളും ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല. വ്യക്തമായ കാഴ്ചപ്പാടോ ശരിയായ ആസൂത്ര ണമോ ഇല്ലാതെയാണ് ഈ മേഖലയിൽ പണം ചെലവഴിക്കുന്നത്. പദ്ധതി വിഹിതം ലാപ്സാകാതിരിക്കാൻ വർഷാന്ത്യത്തിൽ എങ്ങനെയെങ്കിലും ധൃതിയിൽ പണം വിനിയോ ഗിച്ച് തീർക്കുക എന്നൊരു പതിവ് നടപടിക്രമമായി പദ്ധതി നടത്തിപ്പുകൾ അധഃപതി ക്കുന്നു. ഇതിനിടയിൽ പലപ്പോഴും വൻതുക അനധികൃത മാർഗ്ഗങ്ങളിലൂടെ അനർഹ രുടെ കൈകളിലെത്തുകയും ചെയ്യുന്നു. പാളിച്ചകൾ യഥാസമയം കണ്ടെത്തുകയോ അവ പരിഹരിക്കുകയോ ചെയ്യാതെ ഇത്തരം പതിവ് സമ്പ്രദായങ്ങൾ ആവർത്തിക്കപ്പെ ടുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു.

19. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ നാളിതുവരെ നടത്തിയ ക്ഷേമ പദ്ധതി കൾ സംബന്ധിച്ചോ അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗങ്ങളുടെ സാമൂഹ്യ -സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ ഉണ്ടായിട്ടുള്ള പുരോഗതിയെ സംബന്ധിച്ചോ ഇന്നുവരെ സമഗ്രവും ശാസ്ത്രീയവുമായ പഠനങ്ങളൊന്നുംതന്നെ നടന്നിട്ടില്ല എന്ന് മാത്ര മല്ല പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ചുള്ള ഒരു പ്രത്യേക സർവ്വേ നടത്താൻപോലും ഇതുവരെ സാധിച്ചിട്ടില്ലായെന്നുള്ളത് വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തെ ഒരു പ്രധാന വീഴ്ചയായി സമിതി വിലയിരുത്തി. 10 വർഷത്തിലൊരിക്കൽ പൊതു വായി നടത്തുന്ന സെൻസസിലെ കണക്കുകളുടെ അടിസ്ഥാനത്തിലാണ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ കർമ്മ പദ്ധതികൾ കൃത്യമായ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം ആസൂത്രണം ചെയ്യേണ്ടത്.

20. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമുദായം തിരിച്ചുള്ള എണ്ണം, കുടുംബങ്ങൾ, കോളനികൾ, ഭൂമി, പാർപ്പിടം, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം, ജനനമരണ നിരക്ക്, വിവിധ കോളനികൾ കേന്ദ്രീകരിച്ചും കുടുംബങ്ങൾ കേന്ദ്രീകരിച്ചും നടപ്പാക്കിയ ക്ഷേമ പദ്ധതികൾ, നടപ്പാക്കിയ പദ്ധതികളും

ആനുകൂല്യങ്ങളും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ, മുടങ്ങിക്കിടക്കുന്നതും ലക്ഷ്യം കണാത്തതുമായ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട വിവരങ്ങൾക്കൊന്നുംതന്നെ കൃത്യമായ മറുപടി നൽകാൻ ബന്ധപ്പെട്ട അധികാരികൾക്ക് സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ബന്ധപ്പെട്ട വകുപ്പിൽ ലഭിച്ചില്ല. ഇത് അങ്ങേയറ്റം ഖേദകരമാണ്. ഓരോ പുതിയ പദ്ധതിയും നടപ്പാക്കുന്നത് ഇത്തരം കൃത്യമായ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിലോ മുൻകാല പദ്ധതികളുടെ പുരോഗതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലോ അല്ലെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. 10 വർഷം കൂടുമ്പോൾ നടക്കുന്ന സെൻസസിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളെ ആധാരമാക്കിയാണ് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികൾ നിലവിൽ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ സെൻസസിൽ പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾക്കുവേണ്ട പല സുപ്രധാന വിവരങ്ങളും ശേഖരിക്കപ്പെടുന്നില്ല.

21. ആയതിനാൽ ഓരോ ജില്ലയിലുമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമുദായം തിരിച്ചുള്ള ജനസംഖ്യ (സ്ത്രീ/പുരുഷൻ) അതിൽ 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം (ആൺ/പെൺ), 5-നും 15-നും ഇടയിലുള്ള കുട്ടികളുടെ എണ്ണം (ആൺ/പെൺ) കുടുംബങ്ങൾ, കോളനികൾ ഓരോ കുടുംബത്തിനും സർക്കാരിൽനിന്നും ലഭിച്ച വിവിധ ആനുകൂല്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, തൊഴിൽ, സാമ്പത്തികം തുടങ്ങിയ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയെ സംബന്ധിച്ച സമഗ്രമായ ഒരു പ്രത്യേക സർവ്വേ എല്ലാവർഷവും ജനുവരി 1 മുതൽ തുടങ്ങി ജനുവരി 15-ന് പൂർത്തീകരിക്കുന്ന വിധത്തിൽ സമയബന്ധിതമായി നടത്തണമെന്നും പ്രസ്തുത മേഖലയിലെ പദ്ധതി ആസൂത്രണങ്ങൾ ഈ സർവ്വേപ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

22. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ പ്രധാനമായും വകുപ്പ് നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കി വരുന്നത്. ഗ്രാമ, ബ്ലോക്ക്-ജില്ലാതലങ്ങളിൽ വിവിധ ഘട്ടങ്ങളിലായി വിവിധ പദ്ധതികൾ പൂർത്തീകരിക്കപ്പെടുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ തലങ്ങളിൽ നടക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു ഏകോപനം ഉണ്ടാകുന്നില്ല. അതുകൊണ്ടുതന്നെയാണ് സമിതി ആവശ്യപ്പെട്ട പല പ്രധാനപ്പെട്ട വിവരങ്ങളും ലഭ്യമാക്കാൻ വകുപ്പിന് സാധിക്കാതെ വന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് സമിതി വയനാട് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരിൽനിന്നും തെളിവെടുപ്പ് നടത്തിയവേളയിൽ വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം പല തവണ ലഭിച്ചിട്ടുള്ള കുടുംബങ്ങൾ ഉണ്ടെന്നും ഈ ധനസഹായം ഒരിക്കൽപോലും ലഭിച്ചിട്ടില്ലാത്ത നിരവധി കുടുംബങ്ങൾ ഉണ്ടെന്നുമുള്ള പരാതി സമിതി മുമ്പാകെ വരികയുണ്ടായി.

23. സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കുന്ന ക്ഷേമ/വികസന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. സാങ്കേതിക കാരണങ്ങളാൽ പദ്ധതികൾ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നതുകൊണ്ടും പൂർത്തീകരിച്ച പദ്ധതികൾ

പലപ്പോഴും തകരാറിലാകുന്നതുകൊണ്ടും അവയുടെ പ്രയോജനം ദീർഘകാലം ലഭിക്കാത്ത സ്ഥിതിയുണ്ടാകുന്നു. പല കോളനികളിലേയും കുടിവെള്ള പദ്ധതികളുടെ അവസ്ഥ ഇതിനൊരുദാഹരണമാണ്. പദ്ധതികൾ കാലേകൂട്ടി ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ശുഷ്ക്കാന്തി കാണിക്കാത്തതിനാൽ പലപ്പോഴും പദ്ധതി വിഹിതം ലാപ്സാകുന്ന സ്ഥിതി വിശേഷം ഉണ്ടാകാറുണ്ട്. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും അനുവദിക്കപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും കണക്ക് പരിശോധിച്ചപ്പോൾ പല മേഖലയിലും അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലായെന്ന് സമിതി കണ്ടെത്തുകയുണ്ടായി.

24. 1996-97 മുതൽ 2006-07 വരെ പട്ടികജാതി വികസന മേഖലയിൽ ചെലവഴിച്ച തുക സംബന്ധിച്ച കണക്ക് അനുബന്ധം 6 ആയും 2002-03 മുതൽ 2006-07 വരെ പട്ടികവർഗ്ഗ വികസന മേഖലയിൽ ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധം-7 ആയും ചേർത്തിരിക്കുന്നു.

25. ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ഒരു നിശ്ചിത കാലത്തേയ്ക്ക് ഒരു നിശ്ചിത ലക്ഷ്യം നേടണമെന്ന ചുമതല നൽകണമെന്നും പ്രസ്തുത ചുമതല യഥാസമയം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഒരു ജില്ലാതല ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ പരിശോധിക്കണമെന്നും ഓരോ ഉദ്യോഗസ്ഥന്റെ പേരിലും ഏൽപ്പിച്ച ഉത്തരവാദിത്വം നിർവ്വഹിച്ചുവെന്ന് ഉറപ്പാക്കണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും കൂടാതെ പദ്ധതി വിഹിതം നിശ്ചിത ലക്ഷ്യം നേടുന്നതിനുപയോഗിക്കാതെ ലാപ്സാക്കുന്നതിന്റെ ഉത്തരവാദിത്വം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ പലതും യഥാർത്ഥ ലക്ഷ്യം കൈവരിക്കപ്പെടുന്നില്ല. ശാസ്ത്രീയമായ ആസൂത്രണത്തിന്റെ അഭാവമാണ് പദ്ധതികൾ പരാജയപ്പെടുന്നതിന്റെ മുഖ്യകാരണം. മുൻകാല പദ്ധതികളുടെ പ്രവർത്തനങ്ങളും അവയുടെ ഗുണദോഷങ്ങളും ശരിയായ വിധത്തിൽ പഠിക്കുകയോ വിലയിരുത്തുകയോ ചെയ്യാറില്ല.

27. ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ സ്വാതന്ത്ര്യാനന്തരം ഇതുവരെ നടപ്പാക്കിയ വികസന/ക്ഷേമ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലും പൊതുവിലും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് ഒരു സമഗ്രമായ പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. തലമുറകളായി സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും സ്വയം അകന്നുമാറി കഴിഞ്ഞുവന്നവരാണ് കേരളത്തിലെ പട്ടികവർഗ്ഗക്കാർ. വനാന്തരങ്ങളിലെ ജീവിതവും ബാഹ്യലോകവുമായുള്ള അകൽച്ചയുംമൂലം ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവർ പിൻനിരയിലായിപ്പോയി. ഇപ്രകാരം പൊതു സമൂഹത്തിൽനിന്നും പിൻതള്ളപ്പെട്ടുപോയ ഇവർക്ക് നമ്മുടെ ഭരണഘടനതന്നെ പ്രത്യേക പരിരക്ഷ നൽകുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ മേഖലയിലെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി

വിവിധ ക്ഷേമ/വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. നിരവധി പദ്ധതികൾ നാളിതുവരെ ഈ മേഖലയിൽ പൂർത്തീകരിച്ചു കഴിഞ്ഞെങ്കിലും ഇപ്പോഴും ലക്ഷ്യ ത്തിൽനിന്നും വളരെയേറെ അകന്നുതന്നെ നിർക്കുന്നു എന്നുള്ളത് ആശങ്കാജനകമായ വസ്തുതയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി, പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം, കുടിവെള്ളം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾക്കുപോലും പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നുള്ളത് നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേ ഷമായി സമിതി വിലയിരുത്തുന്നു.

## ഭൂമി വിതരണം

29. 2001-ലെ സെൻസസ് പ്രകാരം ഭൂരഹിതരായിട്ടുള്ള 22052 പട്ടികവർഗ്ഗ കുടുംബങ്ങളും 45362 പട്ടികജാതി കുടുംബങ്ങളും ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. കേരളത്തിൽ ഭൂമി ലഭ്യത കുറഞ്ഞുവരികയും ആവശ്യകത കൂടി വരികയും ചെയ്യുകയാണ്. ഭൂമാഫിയകൾ പിടിമുറുക്കുകയും കയ്യേറ്റങ്ങൾ വ്യാപകമാകുകയും ചെയ്തതോടെ ഭൂമി വില അനിയന്ത്രിതമായി വർദ്ധിക്കുകയും ഭൂമി അമൂല്യ വസ്തുവായി മാറുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുകയെന്നുള്ളത് വളരെ ശ്രമകരമായ ദൗത്യമാണ്. ഇപ്പോൾ സർക്കാരിന്റെ കൈവശമുള്ളത് പരിമിതമായ റവന്യൂ ഭൂമിയും വനഭൂമിയും മാത്രമാണ്. എന്നാൽ വനഭൂമി വിട്ടുകിട്ടുന്നതിന് സങ്കീർണ്ണമായ സാങ്കേതിക പ്രശ്നങ്ങളുണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ. പാട്ടക്കാലാവധി കഴിഞ്ഞ് തിരികെ സർക്കാ രിൽ നിക്ഷിപ്തമാക്കുന്ന ഭൂമിയും പാട്ടക്കരാറിൽ വീഴ്ച വരുത്തുന്നവരിൽ നിന്ന് പിടിച്ചെടുക്കുന്ന ഭൂമിയും ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. സർക്കാ രിന്റെ നിലവിലുള്ള പദ്ധതി അനുസരിച്ച് പട്ടികവർഗ്ഗ കുടുംബത്തിന് 1 ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള ഭൂമിയാണ് പതിച്ച് നൽകിവരുന്നത്.

30. സർക്കാർ ഭൂമി പതിച്ചു നൽകി പുനരധിവസിപ്പിച്ച പല മേഖലകളിൽ നിന്നും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിമിത്തം പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഒഴിഞ്ഞുപോകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

31. ആയതിനാൽ കൃഷി ചെയ്യാൻവേണ്ടി സർക്കാർ പതിച്ചുനൽകുന്ന ഭൂമി കൃഷിയ്ക്ക് അനുയോജ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വീട് വയ്ക്കുവാൻവേണ്ടി നൽകുന്ന ഭൂമി വാസയോഗ്യമാക്കുന്നതിന് കുടിവെള്ളം, ഗതാഗത സൗകര്യം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കേണ്ടതാണ്. നിലവിൽ പതിച്ചുകൊടുത്ത സ്ഥലങ്ങൾ വാസയോഗ്യമാക്കുന്നതിനും, കാർഷിക യോഗ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ, സമയബന്ധിതമായി ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

32. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ദാരിദ്ര്യവും അജ്ഞതയും സാമ്പത്തിക പരാധീനതകളും മുതലെടുത്ത് അവരുടെ ഭൂമി ഇതര വിഭാഗക്കാർ തുച്ഛമായ വിലയ്ക്ക് തട്ടിയെടുക്കുകയും അതുവഴി നിരവധി പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരായിത്തീരുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി ഇപ്പോഴും യഥേഷ്ടം ക്രയവിക്രയം ചെയ്തുവരുന്നു.

33. ആയതിനാൽ സർക്കാർ പതിച്ചു നൽകുന്ന ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള വ്യവസ്ഥ ഏർപ്പെടുത്തണമെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചെടുത്ത് യഥാർത്ഥ അവകാശികൾക്ക് നൽകാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ഭവന നിർമ്മാണം

34. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വാസയോഗ്യമായ പാർപ്പിടം അത്യന്താപേക്ഷിതമാണ്. താരതമ്യേന ദരിദ്ര ദുർബല വിഭാഗങ്ങളായ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വന്തമായി വാസയോഗ്യമായ വീട് നിർമ്മിക്കാൻ സാധിക്കാറില്ല. ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ടാണ് സർക്കാർ തുടക്കം മുതൽതന്നെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി തുടങ്ങിയത്. എന്നാൽ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല.

35. സംസ്ഥാനത്ത് ഇപ്പോൾ ഭവന രഹിതരായ 59066 പട്ടികജാതി കുടുംബങ്ങളും 25000 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ടെന്നാണ് കണക്കാക്കുന്നത്. അധികാരവികേന്ദ്രീകരണം നടപ്പാക്കിയതിനുശേഷം 1995-96 മുതൽ 2000-01 വരെ പട്ടികജാതി വികസന വകുപ്പിൽനിന്നും നേരിട്ട് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിരുന്നില്ല. എന്നാൽ 2001-02 മുതൽ 2006-07 വരെ 29744 പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ധനസഹായം പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 31-3-2007 വരെ 20202 വീടുകളുടെ പണിപൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് 70,000 രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്ന ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പു മുഖേന നടപ്പിലാക്കി വരുന്നുണ്ട്. 2007-08-ൽ 10000 പേർക്ക് ധനസഹായം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി തുടർ പദ്ധതിയാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടി. ആർ. ഡി. എം. എന്നിവ മുഖേന ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. 2007-08 സാമ്പത്തിക വർഷം 4000 വീടുകൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

36. പട്ടികജാതി വികസന വകുപ്പിൽനിന്നും സ്വന്തമായി ഭൂമിയുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും വാസയോഗ്യമായ വീടില്ലാത്തവരുമായ പട്ടികജാതി വിഭാഗക്കാർക്ക് 75,000 രൂപ വച്ചാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ഇതിനായി ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വീട് വയ്ക്കുന്നതിന് 75,000 രൂപയാണ് ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത തുക ഉപയോഗിച്ച് 323 സ്ക്വയർ ഫീറ്റിൽ കുറയാത്ത വീട് നിർമ്മിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് അവരുടെ വിഹിതം കൂടി ഉപയോഗിച്ച് കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാവുന്നതാണ്.

37. തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയ പട്ടികവർഗ്ഗ ഉപപദ്ധതി അനുസരിച്ചും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരവും പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനായി 1-4-2007 മുതൽ 1,00,000 രൂപയാണ്

അനുവദിച്ച് വരുന്നത്. എന്നാൽ തുകയുടെ അപര്യാപ്തതകൊണ്ടും വീടുപണിക്കുള്ള സാധന സാമഗ്രികൾ സുഗമമായി എത്തിക്കുന്നതിനുള്ള വൈഷമ്യംകൊണ്ടും വീട് പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ് ഈ രംഗത്തുള്ള പ്രധാന പരാതി.

38. ഭവന നിർമ്മാണ സാമഗ്രികളുടെ വില അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ലഭ്യമാക്കുന്ന ഭവനനിർമ്മാണ ധനസഹായം പട്ടികവർഗ്ഗക്കാർക്ക് രണ്ട് ലക്ഷം രൂപയായും പട്ടികജാതിക്കാർക്ക് 1½ ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്നും എല്ലാ വീടുകൾക്കും ഘടനയിൽ ഐകരൂപ്യമുണ്ടാകണമെന്നും ഓരോ പ്രദേശത്തിന്റെയും പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളണമെന്നും കുറഞ്ഞത് $30m^2$ വിസ്തൃതി വീടുകൾക്ക് ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

39. വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ലഭ്യമാക്കുന്ന ധനസഹായം ഉപയോഗിച്ച് നിർമ്മിക്കുന്ന വീടുകളും മറ്റ് ഏജൻസികൾ നിർമ്മിച്ച് നൽകുന്ന വീടുകളും പണിതീർത്ത് നൽകാതെയാണ് ഗുണഭോക്താക്കൾക്ക് കൈമാറുന്നതെന്നും ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ കേടുപാടുകൾ സംഭവിച്ച് വാസയോഗ്യമല്ലാതായിത്തീരുന്നതായും വിവിധ കോളനികൾ സന്ദർശിച്ചവേളയിൽ സമിതി നേരിട്ട് മനസ്സിലാക്കുകയുണ്ടായി. എന്നാൽ അറ്റകുറ്റപ്പണി ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ കാലാകാലങ്ങളിൽ തുക അനുവദിച്ചുവരുന്നുണ്ടെങ്കിലും പ്രസ്തുത തുക ശരിയായ വിധത്തിൽ വിനിയോഗിച്ചുവരുന്നതായി കാണുന്നില്ല.

40. ആയതിനാൽ പൂർണ്ണമായും പണിതീർത്ത് നൽകിയ വീടുകൾ മാത്രമേ ഗുണഭോക്താക്കൾക്ക് കൈമാറാവൂ എന്നും ചുരുങ്ങിയത് 25 വർഷത്തേക്ക് കാര്യമായ അറ്റകുറ്റപ്പണികൾ വരാത്തവിധത്തിലുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഏജൻസികൾ മുഖേന അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭവന രഹിതരായ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകണമെന്നും ഇതിന്റെ കണക്കുകൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും എല്ലാ മാസവും ക്രോഡീകരിച്ച് ക്രമീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## കുടിവെള്ള വിതരണം

41. വേനൽ ആരംഭിക്കുന്നതോടുകൂടി കേരളത്തിലെ ഭൂരിഭാഗം പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പല ശുദ്ധജലവിതരണ പദ്ധതികളും ലക്ഷ്യം കാണാതെ പോയതാണ് ഇതിന് പ്രധാന കാരണം. ഗിരിധാര, ജലനിധി തുടങ്ങിയ പദ്ധതികൾ പ്രകാരം സർക്കാർ നിർമ്മിച്ചു നൽകിയ മഴവെള്ള സംഭരണികൾ പലതും നിർമ്മാണ തകരാർമൂലം വിവിധ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ തകർന്നു കിടക്കുകയാണ്.

ഏകദേശം 1774 പട്ടികജാതി കോളനികളിൽ ശുദ്ധജലം ലഭിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനായി കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിച്ച് കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ തുടങ്ങിയ വകുപ്പുകളിൽ നിക്ഷേപിച്ച പ്രോജക്ടുകൾ ജില്ലാതലത്തിൽ നടപ്പാക്കുന്നതിനായി പ്രസ്തുത തുക ജില്ലകൾക്ക് വീതിച്ച് നൽകുന്നു.

കൂടാതെ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസായി ലഭിച്ച 15 കോടി രൂപ വിനിയോഗിച്ച് കുടിവെള്ളക്ഷാമമുള്ള പട്ടികജാതി കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

42. സമിതി സന്ദർശിച്ച കോളനികളിലെ നിരവധി കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാതെ പല ഘട്ടങ്ങളിൽ നിറുത്തി വച്ചിട്ടുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞു. പദ്ധതി വിഭാവനം ചെയ്തതിലേയും നടത്തിപ്പിലേയും വീഴ്ചകളാണ് ഇതിന് കാരണമെന്നും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. പദ്ധതി വിഭാവന ചെയ്യുന്നതിൽ സ്ഥിരമായി വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ഇതിന് കാരണമാണെന്ന് സമിതി കണ്ടെത്തുകയുണ്ടായി. വകുപ്പുകളുടെ ഏകോപനം പദ്ധതി ആരംഭിക്കുന്നതിനുമുമ്പു തന്നെ ഉറപ്പുവരുത്തണമെന്നും നിശ്ചയിച്ച സമയപരിധിക്കുള്ളിൽതന്നെ പദ്ധതി തീർക്കുന്നതിന് ആവശ്യമായ നിബന്ധനകൾ നടപടിക്രമങ്ങളിൽ ഉൾക്കൊള്ളിക്കണമെന്നും ഇതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ടവരിൽ നിക്ഷിപ്തമാക്കി തന്നെ പദ്ധതി വിഭാവനം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

43. ശുദ്ധജലക്ഷാമം നേരിടുന്ന പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ കുറ്റമറ്റ രീതിയിൽ മഴവെള്ള സംഭരണി നിർമ്മിച്ചുനൽകുന്നതിന് പ്രത്യേക ഊന്നൽ നൽകണമെന്നും പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കാൻ സാധിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ പൊതു കിണർ, കുഴൽ കിണർ മുതലായവ നിർമ്മിക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകുകയും ചെയ്യേണ്ടതാണ്. നടപ്പിലാക്കിയ നിരവധി കുടിവെള്ള പദ്ധതികളുടേയും സ്രോതസ്സുകൾ വേനൽക്കാലത്ത് വറ്റിപോകുന്നതായും അതുവഴി പദ്ധതി വിഭാവന ചെയ്ത രീതിയിൽ നടപ്പിലാക്കുവാൻ പറ്റാതെ വന്നിട്ടുള്ളതുമായ സ്ഥിതി സമിതിക്ക് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ള സംഗതിയാണ്. ആയതിനാൽ കുടിവെള്ള പദ്ധതി വിഭാവന ചെയ്യുമ്പോൾതന്നെ സ്രോതസ്സുകളുടെ സ്ഥിതി ശാസ്ത്രീയമായി അവലോകനം ചെയ്യണമെന്നും കഴിഞ്ഞ 10 വർഷമെങ്കിലും വേനൽക്കാലത്ത് പ്രസ്തുത സ്രോതസ്സ് നിലനിന്നിരുന്നുവെന്ന് ഉറപ്പുവരുത്തുകയും ആ രീതിയിൽ പ്രോജക്ടിൽ മതിയായ മാറ്റം വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

44. ഓരോ കോളനിയിലേയും കുടിവെള്ള വിതരണ സംവിധാനം അവലോകനം ചെയ്യുന്നതിനും ശരിയായ നടത്തിപ്പിനും നിലവിൽ സംവിധാനങ്ങളില്ലെന്നും ഇതുമൂലം പല കോളനികളിലും കുടിവെള്ള വിതരണം മുടങ്ങുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

45. ആയതിനാൽ ഓരോ കോളനിയിലെയും കുടിവെള്ള വിതരണ സംവിധാനം അവലോകനം ചെയ്യുന്നതിനും ശരിയായ വിധത്തിൽ പരിപാലിക്കുന്നതിനും സർക്കാർ നേതൃത്വത്തിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിക്കണമെന്നും കൃത്യമായി പമ്പിംഗ് നടത്തുന്നതിനും കുടിവെള്ളം പാഴായി പോകാതിരിക്കുവാൻ പമ്പ് ചെയ്യുന്ന വെള്ളത്തിനും വിതരണം ചെയ്യുന്ന വെള്ളത്തിനും കണക്ക് ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

46. കുടിവെള്ള വിതരണത്തിനുവേണ്ടി വരുന്ന വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതി വിഛേദിക്കപ്പെടുകയും ഇതുമൂലം പല കോളനികളിലെയും കുടിവെള്ള വിതരണം മുടങ്ങിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

47. ആയതിനാൽ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള വിതരണ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾക്കും വകുപ്പുതലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും ഇതിനായി ബജറ്റിൽ പ്രത്യേക ശീർഷകം നൽകി തുക അനുവദിക്കണമെന്നും വകുപ്പ് അടുത്ത 5 വർഷത്തിനുള്ളിൽ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## തൊഴിൽ മേഖല

48. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥയുടെ ഒരു പ്രധാനകാരണം തൊഴിലില്ലായ്മയാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ ബഹുഭൂരിപക്ഷം പേരും ഭാഗികമായി കാർഷികവൃത്തിയിലേർപ്പെടുന്നവരോ കർഷകത്തൊഴിലാളികളോ ആണ്. കാർഷിക മേഖലയിലെ ഭാഗികമായ തൊഴിൽദിനങ്ങൾ അവരുടെ ജീവനോപാധിക്ക് മതിയാകുകയില്ല. മാത്രമല്ല ഇന്ന് കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയുമാണ്. പാരമ്പര്യ തൊഴിൽ ചെയ്യുന്നവരും വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നവരുമായ ഒരു ചെറു വിഭാഗവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നുണ്ട്. എന്നാൽ ഈ ഉൽപ്പന്നങ്ങൾ ചൂഷണരഹിതമായി വിൽപ്പന നടത്തുന്നതിനുള്ള ഒരു സംവിധാനം ഇന്നില്ല. അതുകൊണ്ടുതന്നെ പ്രസ്തുത തൊഴിൽ മേഖലകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ പിൻമാറിക്കൊണ്ടിരിക്കുകയുമാണ്. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യം കുറവാണ്. എന്നാൽ സർക്കാർ ഉദ്യോഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് മുഴുവൻ സർക്കാർ വകുപ്പുകളിലേയും ഉദ്യോഗസ്ഥ പ്രാതിനിധ്യം വാർഷിക അവലോകനത്തിന് വിധേയമാക്കാറുണ്ട്. നിശ്ചിത ശതമാനത്തിൽ കുറവുണ്ടെങ്കിൽ ഗസറ്റഡ് വിഭാഗത്തിൽ ഒരു ശതമാനവും നോൺഗസറ്റഡ് വിഭാഗത്തിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളുടെ 5 ശതമാനവും ലാസ്റ്റ്ഗ്രേഡിൽ 5 ശതമാനവും സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നിശ്ചയിച്ചുകൊണ്ട് ഉത്തരവിറക്കാറുണ്ട്. സർക്കാർ ഉദ്യോഗങ്ങളിൽ 10 ശതമാനമാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം.

49. പട്ടികജാതി വികസന വകുപ്പിൽ നിന്നും തൊഴിൽ പദ്ധതികൾക്കായി 19 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 2.7 കോടി രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 12.76 കോടി രൂപയും 2007-2008-ൽ ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വിവിധ തൊഴിൽ സഹായമായിട്ടാണ് പ്രസ്തുത തുക ചെലവഴിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സ്വയംതൊഴിൽ ആരംഭിക്കുന്നതിനും സഹായം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് 100% ഗ്രാന്റായി നൽകുന്ന സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത് കൃഷിയും അനുബന്ധപരിപാടികളും, കന്നുകാലി വളർത്തൽ, കരകൗശല വസ്തു നിർമ്മാണം, ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്കാണ്. ഇതുനുപുറമേ കുടുംബശ്രീ സഹായത്തോടുകൂടി നടത്തുന്ന സ്വയംസഹായ സംഘങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സഹായം നൽകിവരുന്നു. പട്ടികജാതി വികസനവകുപ്പ് യുവതീ-യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഒരു

വ്യക്തിക്ക് 3 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് വായ്പാ തുകയുടെ മൂന്നിലൊരു ഭാഗം സർക്കാർ സബ്സിഡിയായും ഗ്രൂപ്പ് പ്രോജക്ടിന് 10.5 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് വായ്പാ തുകയുടെ മൂന്നിലൊരു ഭാഗവും സബ്സിഡിയായും നൽകുന്നുണ്ട്.

50. കേരളാ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളിലൂടെ ധനസഹായം നൽകിവരുന്നുണ്ട്.

(1) ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി — 50,000 രൂപ (10,000 രൂപ വരെ സബ്സിഡി)

(2) വിദേശ തൊഴിൽ വായ്പാ പദ്ധതി — 25,000 രൂപ

(3) പ്രൊഫഷണൽ സർവ്വീസ് പദ്ധതി — 1,00,000 രൂപ (10,000 രൂപ വരെ സബ്സിഡി)

(4) കർഷക തൊഴിലാളികൾക്കായുള്ള കൃഷി ഭൂമി വായ്പാ പദ്ധതി — 1,50,000 രൂപ (50,000 രൂപ വരെ സബ്സിഡി)

(5) മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി — 25,000 രൂപ

(6) മഹിളാ സമൃദ്ധിയോജന — 15,000 രൂപ

(7) മിനിവെഞ്ചർ പദ്ധതികൾ — 1,50,000 മുതൽ 2,00,000 രൂപ

(8) വാഹന വായ്പാ പദ്ധതി (പെട്രോൾ ഓട്ടോറിക്ഷ) — 83,000 രൂപ മുതൽ 90,000 രൂപ വരെ.

(9) വാഹന വായ്പ (ത്രീ വീലർ ഗുഡ്സ് പിക്-അപ് വാൻ) — 1,30,000 രൂപ

(10) സ്മോൾ എന്റർപ്രൈസസ് പദ്ധതികൾ — 20,000 രൂപ മുതൽ 50,000 രൂപ വരെ

(11) ആദിവാസി മഹിളാ ശാക്തീകരണ യോജന — 50,000 രൂപ

51. തൊഴിൽ സംരംഭങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭിക്കുന്നു. പട്ടികവർഗ്ഗ ഉപപദ്ധതിക്കും പട്ടികജാതി പ്രത്യേക ഘടക പദ്ധതിക്കും പ്രത്യേക കേന്ദ്ര സഹായം അനുവദിച്ചുവരുന്നു. തൊഴിൽ സംരംഭകർക്ക് സബ്സിഡി അനുവദിക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 2005-06 സാമ്പത്തികവർഷം 130 ലക്ഷം രൂപയുടെ കേന്ദ്രസഹായം ലഭിച്ചിരുന്നു. ഇത് കൂടാതെ, നാഷണൽ ഷെഡ്യൂൾഡ് കാസ്റ്റ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, നാഷണൽ ഷെഡ്യൂൾഡ് ട്രൈബ്സ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽ നിന്നും വായ്പാ സഹായം ലഭിക്കുന്നുണ്ട്.

52. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണം അവരുടെ കുടുംബങ്ങളിലെ സ്ഥിരം വരുമാനമില്ലായ്മയാണ്. സർക്കാർ നിശ്ചിത ശതമാനം സംവരണം പി.എസ്.സി. വഴി നൽകുന്നുണ്ടെങ്കിലും

പ്രസ്തുത ആനുകൂല്യം ലഭ്യമാകാത്ത അവസ്ഥ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇതുവഴി ഇവർക്ക് ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നു. സർക്കാർ/പൊതുമേഖലാ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ഓട്ടോണമസ് ബോഡികളിലും സംവരണ വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരു കുടുംബത്തിലെ ഒരാളിനെങ്കിലും സ്ഥിര വരുമാനം ലഭിക്കുന്നതിനുള്ള സാഹചര്യമൊരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

53. സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ തൊഴിൽപദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്ന ഗുണഭോക്താക്കൾ പലപ്പോഴും പ്രസ്തുത മേഖലയിലുള്ള പരിചയത്തിന്റെ അഭാവത്താൽ പരാജയപ്പെടുന്നതായി സമിതി കണ്ടെത്തി. ആയതിനാൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനു മുമ്പായി ഗുണഭോക്താക്കൾക്ക് ശരിയായ വിധത്തിലുള്ള പരിശീലന പരിപാടി നടപ്പാക്കണമെന്നും സാങ്കേതിക മാനേജ്മെന്റിൽ പരിശീലനം തുടർന്നും നൽകണമെന്നും ഇതിനുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

54. കാർഷിക മേഖലയിൽ നിന്നും പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്നും യുവാക്കൾ പിൻമാറിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. പല കാരണങ്ങളാലും പ്രസ്തുത മേഖലയിൽ നിന്നുള്ള വരുമാനം കുറഞ്ഞുവരുന്നതു കൊണ്ടാണിത്. ആയതിനാൽ സ്വന്തമായി കൃഷിഭൂമിയുള്ളവർക്കും സർക്കാർ പതിച്ചു നൽകുന്ന ഭൂമിയിലും കൃഷി കൂടുതൽ ലാഭകരമാക്കാൻ വേണ്ട ധനസഹായം നൽകണമെന്നും പരമ്പരാഗത തൊഴിൽ മേഖലയ്ക്കും കൂടുതൽ പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ആരോഗ്യം

55. ദാരിദ്ര്യം, പട്ടിണി, പോഷകാഹാരക്കുറവ്, വൃത്തിഹീനമായ ചുറ്റുപാടുകൾ, ശുചിത്വശീലത്തിന്റെ അഭാവം തുടങ്ങിയ മോശമായ ജീവിത സാഹചര്യങ്ങളാണ് പൊതുവെ പട്ടികവർഗ്ഗ കോളനികളിൽ കണ്ടുവരുന്നത്. ഇത്തരം ജീവിത ചുറ്റുപാടുകൾ പലതരത്തിലുള്ള രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാധ്യത കൂട്ടുന്നു. ക്ഷയം, കുഷ്ഠം, പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ, ത്വക് രോഗങ്ങൾ, അരിവാൾ രോഗം തുടങ്ങിയവ പട്ടികവർഗ്ഗക്കാരിൽ കൂടുതലായി കണ്ടുവരുന്നു. വൈറൽ പനിയും മറ്റ് ജലജന്യ സാംക്രമികരോഗങ്ങളും പടർന്നുപിടിക്കുന്നത് സാധാരണമാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർ പ്രത്യേകിച്ചും ആദിവാസി വിഭാഗക്കാർ ആശുപത്രിയിലെത്തി ചികിത്സ തേടാൻ വിമുഖത കാണിക്കുന്നവരാണ്. പ്രത്യേകിച്ച് പി.എച്ച്.സി.കളോ മറ്റ് ആശുപത്രികളോ കോളനികളിൽ നിന്നും വളരെ അകലെയാണെങ്കിൽ അത്തരം കേന്ദ്രങ്ങളിലെത്തിച്ചേരാനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ആശുപത്രിയെ ആശ്രയിക്കാൻ മടിക്കുകയും ചെയ്യും.

56. ആയതിനാൽ കേരളത്തിലെ മുഴുവൻ പട്ടികവർഗ്ഗ കോളനികളിലും സമയാസമയങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗികളെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനും കൂടാതെ മുഴുവൻ പട്ടികവർഗ്ഗ കോളനികളിലും സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ എല്ലാ മാസവും സന്ദർശിച്ച് ചികിത്സ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ആരോഗ്യമേഖലയിലെ അത്യപൂർവ്വ അറിവുകൾ

57. സംസ്ഥാനത്തിലെ വനാന്തരങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗത്തിന് ഇന്നത്തെ ആധുനിക ലോകം കേട്ടുപോലും അറിഞ്ഞിട്ടില്ലാത്ത നിരവധി ഔഷധങ്ങളുടേയും പച്ചിലമരുന്നുകളുടേയും ചികിത്സാരീതികളുടേയും വിലമതിക്കാനാകാത്ത തരം അറിവ് പരമ്പരാഗതമായി ലഭിച്ചിട്ടുള്ളവരാണ്. അതോടൊപ്പംതന്നെ നിരവധി അറിവുകളുടെ കലവറയാണ് ഈ ജനവിഭാഗം ഉൾക്കൊള്ളുന്നത്. പ്രസ്തുത അറിവുകൾ കാലാന്തരത്തിൽ അന്യംനിന്നു പോകാതെ സമൂഹനന്മയ്ക്ക് വേണ്ടി കാത്തു സൂക്ഷിക്കേണ്ടതും അതിന്റെ യഥാർത്ഥ അവകാശികൾക്ക് തന്നെ അതിന്മേലുള്ള അവകാശം നിലനിറുത്തേണ്ടതും അവരുടെ ക്ഷേമ പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ ഉൾക്കൊള്ളിക്കേണ്ട പ്രധാനകാര്യങ്ങളിലൊന്നാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത അറിവുകൾ പ്രയോജനപ്പെടുത്തുന്നതിനും അവ അന്യംനിന്നു പോകാതെ കാത്തു സൂക്ഷിക്കുന്നതിനും യഥാർത്ഥ അവകാശികളിൽ നിന്ന് തട്ടിയെടുക്കാതിരിക്കുന്നതിനുമായി സർക്കാർ തലത്തിൽ അത്യപൂർവ്വ അറിവുകളുടെ സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## വിദ്യാഭ്യാസം

59. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി സർക്കാർ തലത്തിൽ നടപ്പാക്കുന്ന പല പദ്ധതികളും പലപ്പോഴും പൂർണ്ണതയിലെത്തിച്ചേരുന്നില്ല. പദ്ധതികളുടെ നിർവ്വഹണത്തിലും പാളിച്ചകൾ സംഭവിക്കാറുണ്ട്. ഇതിനൊരു പ്രധാന കാരണം പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ ഭാഗത്തുനിന്നും ശരിയായ വിധത്തിലുള്ള പങ്കാളിത്തമോ സഹകരണമോ ഇത്തരം പദ്ധതികളുടെ നിർവ്വഹണത്തിൽ കാര്യമായി ഉണ്ടാകാത്തതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ അജ്ഞതയും വിദ്യാഭ്യാസത്തിന്റെ അഭാവവുമാണ് ഇതിന്റെ മുഖ്യകാരണം. 2001-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ ആകെ സാക്ഷരതാ നിരക്ക് 89.8% ആയിരിക്കുമ്പോൾ പട്ടികജാതി വിഭാഗക്കാരുടെ സാക്ഷരതാ നിരക്ക് 73.3 ശതമാനവും പട്ടികവർഗ്ഗക്കാരുടെ സാക്ഷരതാ നിരക്ക് 64.4 ശതമാനവും ആണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള സാക്ഷരതാ നിരക്ക് അനുബന്ധം-8ആയി ചേർത്തിരിക്കുന്നു.

60. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്രമായ ഉന്നമനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് തിരിച്ചറിഞ്ഞുകൊണ്ട് സർക്കാർ ഈ മേഖലയിൽ വിപുലമായ പദ്ധതികൾ നടപ്പാക്കി വരുന്നു എന്നുള്ളത് അഭിനന്ദനാർഹമായ കാര്യമായി സമിതി വിലയിരുത്തുന്നു. എന്നാൽ ഇതോടൊപ്പം അനൗപചാരിക-തുടർവിദ്യാഭ്യാസ പരിപാടികൾക്കും മുന്തിയ പരിഗണന നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ചുവടെ ചേർക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

(1) നഴ്സറി മുതൽ 10-ാം ക്ലാസ് വരെ സർക്കാർ/അംഗീകൃത സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകിവരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽ

ഏറ്റവും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ പ്രതിമാസ സ്റ്റൈപ്പെന്റും അൺ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും അനുവദിക്കുന്നുണ്ട്.

(2) തോട്ടിപ്പണിയിൽ ഏർപ്പെടുന്നവരുടെയും തുകൽ ഊറയ്ക്കിടുന്നവരുടെയും മക്കൾക്ക് ജാതി, വരുമാനം എന്നിവ നോക്കാതെ സ്കൂൾ വിദ്യാഭ്യാസത്തിന് അഡ്ഹോക് ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു.

(3) എസ്.എസ്.എൽ.സി. കഴിഞ്ഞുള്ള വിവിധ കോഴ്സുകൾക്ക് സർക്കാർ/ അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവയും നൽകി വരുന്നു.

(4) സ്വാശ്രയ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാകമ്മീഷണറുടെ ലിസ്റ്റിൽ നിന്നും സർക്കാർ മെരിറ്റ് സീറ്റിലും 10% സംവരണസീറ്റിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവയും ജസ്റ്റീസ് കെ.ടി.തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസും നൽകുന്നു.

(5) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ (എൽ.ബി.എസ്, ഐ.എച്ച്.ആർ.ഡി., സി.ഡിറ്റ് തുടങ്ങിയവ) സർക്കാർ നിയന്ത്രിത സഹകരണസ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവ നേരിട്ട് നടത്തുന്ന സ്വാശ്രയ കോഴ്സുകൾക്ക് മെരിറ്റിലും റിസർവേഷനിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു.

(6) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിന്റെ വക ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ സർക്കാർ ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാത്തതുമൂലം പുറത്ത് സ്വകാര്യ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുകയാണെങ്കിൽ സ്റ്റൈപ്പന്റ് ആയി പ്രതിമാസം 1000 രൂപ അനുവദിച്ചു നൽകി വരുന്നു.

(7) എസ്. എസ്. എൽ. സി., +2 എന്നിവയ്ക്ക് ഓരോ വിഷയത്തിനും ബി. ഗ്രേഡിൽ കുറയാത്ത ഗ്രേഡ് വാങ്ങുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും, ഡിഗ്രി, പി.ജി. തുടങ്ങിയ കോഴ്സുകൾക്ക് ഫസ്റ്റ്ക്ലാസ്സ് വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥികൾക്കും പ്രത്യേക പ്രോത്സാഹനമായി വിവിധ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു.

(8) മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ, വെറ്ററിനറി, എം.ബി.എ., എൽ.എൽ.ബി, എൽ.എൽ.എം തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ബുക്ക് ബാങ്ക് പദ്ധതി പ്രകാരം കോളേജുകൾക്ക് ധനസഹായം നൽകി വരുന്നു.

(9) +2, ഡിഗ്രി കോഴ്സുകൾക്ക് പരാജയപ്പെടുന്നുവർക്കും ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിന് ആനുകൂല്യം അനുവദിച്ചു നൽകി വരുന്നു.

(10) സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഹോസ്റ്റൽ സൗക ര്യത്തോടുകൂടി നവോദയ സ്കൂൾ മാതൃകയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് അവരുടെ മുഴുവൻ ചെലവും സർക്കാർ നൽകി പഠിപ്പിക്കുന്നു.

(11) സ്പോർട്സിൽ പ്രഗൽഭരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ മുഴുവൻ ചെലവും സർക്കാർ വഹിച്ച് സ്പോർട്സ് സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നു.

(12) സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭി ക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പാരലൽ കോളേജിൽ ചേർന്ന് പഠിക്കുന്നതിന് ആനുകൂല്യം നൽകുന്നു.

(13) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്ക് പങ്കെടുത്ത് വിജയിക്കുന്നതിനും സിവിൽ സർവീസ് പരീക്ഷാ പരിശീലന കേന്ദ്രം വഴി പരിശീലനം നൽകി വരുന്നു. മത്സര പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിനും പരിശീലനം നൽകുന്നു.

(14) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ മെഡി ക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതുന്നതിനും പി.എസ്.സി., യു.പി.എസ്.സി., ബി.എസ്.ആർ.ബി. തുടങ്ങിയവയുടെ മത്സര പരീക്ഷ കൾക്ക് കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനവും ഉണ്ട്.

(15) വകുപ്പിന്റെ അംഗീകാരമുള്ള സ്വകാര്യ വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസും സ്റ്റൈപ്പന്റും നൽകി വരുന്നു.

(16) വകുപ്പിന്റെ 41 ഐ.റ്റി.സി.കളിലായി വിവിധ ട്രേഡുകളിൽ എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു.

(17) ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൽസര പരീക്ഷയി ലൂടെ പ്രവേശനം ലഭിക്കുന്നതിനും തൊഴിൽ അവസരങ്ങൾക്കുള്ള മത്സര പരീക്ഷകളിലേക്ക് പ്രാപ്തരാക്കുന്നതിനും സെന്റർ ഓഫ് എക്സലൻസ് വഴി പരിശിലനം നൽകുന്നു.

(18) സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാ ക്കുന്നതിന് അയ്യങ്കാളി ടാലന്റഡ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് തുടർവിദ്യാഭ്യാസത്തിന് ആവശ്യമായ ധനസഹായം നൽകുന്നു.

(19) വീടുകളിൽ നിന്നും ദൂരക്കൂടുതലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുവാൻ, 198

പ്രീ മെട്രിക് ഹോസ്റ്റലുകളിലും 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും സർക്കാർ ചെലവിൽ താമസ-ഭക്ഷണ സൗകര്യവും പോക്കറ്റ് മണിയും നൽകുന്നു. (ലിസ്റ്റ് അനുബന്ധം-10)

(20) സംസ്ഥാനത്ത് പഠനസൗകര്യം ലഭ്യമല്ലാത്ത കോഴ്സുകൾക്കും അഖിലേന്ത്യാ തലത്തിൽ പ്രവേശനപരീക്ഷയിലൂടെ പ്രവേശനം ലഭിക്കുന്ന കോഴ്സുകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്നതിന് ലംപ്സം ഗ്രാന്റ്, ഫീസ്, ഹോസ്റ്റൽ ചെലവ് എന്നിവയും നൽകി വരുന്നു.

(21) എൻജിനീയറിംഗ്, ബി.ഫാം കോഴ്സുകൾക്ക് ലാറ്ററൽ എൻട്രി പ്രകാരം പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് നൽകിവന്നിരുന്ന ആഹാരച്ചെലവ് പ്രതിമാസം 500 രൂപയിൽ നിന്നും 700 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലേത് 900 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(22) അംഗീകൃത സംഘടനകൾ നടത്തിവരുന്ന ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഭക്ഷണച്ചെലവിനും യൂണിഫോമിനും ധനസഹായം നൽകുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പൻഡ്, ട്യൂഷൻ ഫീസ് എന്നിവ നൽകുന്നുണ്ട്. ഇതുകൂടാതെ ടി വിദ്യാർത്ഥികൾക്കുള്ള വിവിധ തരത്തിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

(23) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം:- 4, 7 ക്ലാസ്സുകളിൽ പഠിക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംസ്ഥാനതലത്തിൽ നടത്തുന്ന ഒരു മത്സരപരീക്ഷയിലൂടെ തെരഞ്ഞെടുക്കുകയും അവർക്ക് പ്രത്യേകം ട്യൂഷനും പഠനോപകരണങ്ങളും നൽകുന്നതുമാണ് ഈ പദ്ധതി.

(24) 25 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നിലവിലുണ്ട്. കൂടാതെ ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളും പ്രവർത്തിച്ചുവരുന്നു.

(25) അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്:- 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സു വരെ പഠിക്കുന്ന 10 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ അവർക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതിയാണ് ഇത്. 100% കേന്ദ്രസഹായത്തിലുള്ളതാണ് ഈ പദ്ധതി.

(26) രക്ഷകർത്താക്കൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം:-1 മുതൽ 4 വരെ ക്ലാസ്സുകളിലെ പട്ടികവർഗ്ഗ കുട്ടികളെ മുടക്കം കൂടാതെ സ്കൂളുകളിൽ എത്തിക്കുന്നതിന് അവരുടെ രക്ഷകർത്താക്കൾക്ക് ഈ പദ്ധതി അനുസരിച്ച് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്നു.

(27) ബുക്ക് അലവൻസ്:- സാങ്കേതിക ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ബുക്ക് അലവൻസ് ഇനത്തിൽ 500 രൂപ നൽകുന്നുണ്ട്.

(28) ട്യൂട്ടോറിയൽ ഗ്രാന്റ്:- എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ പരാജിതരാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയലുകളിൽ ചേർന്ന് പഠിച്ച് വീണ്ടും പരീക്ഷ എഴുതുന്നതിന് ആനുകൂല്യങ്ങൾ നൽകിവരുന്നു.

61. വിദ്യാഭ്യാസ മേഖലയുടെ പ്രോത്സാഹനത്തിന് വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെങ്കിലും ഒരു വലിയ വിഭാഗം പേർ സ്കൂൾ തലത്തിൽ വച്ചുതന്നെ പഠനം അവസാനിപ്പിച്ച് പോകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന്റെ യഥാർത്ഥ കാരണം കണ്ടെത്തി അവരെ വിദ്യാലയങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

62. വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകാവുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട് താഴെ പറയുന്ന നിരക്കിലാണ് സ്കൂൾ തലത്തിൽ ലംപ്സംഗ്രാന്റ് നൽകിവരുന്നത്.

| | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|
| നേഴ്സറി സ്കൂൾ | 100 | |
| എൽ. പി. വിഭാഗം (ക്ലാസ് 1 മുതൽ 4 വരെ) | 140 | 55 |
| യു. പി. വിഭാഗം (ക്ലാസ് 5 മുതൽ 7 വരെ) | 240 | 60 |
| ഹൈസ്കൂൾ വിഭാഗം (ക്ലാസ് 8 മുതൽ 10 വരെ) | 330 | 70 |

63. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന മേൽപ്പറഞ്ഞനിരക്കിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. എങ്കിലും പ്രസ്തുത ആനുകൂല്യങ്ങൾ വിലസൂചികയുടെ അടിസ്ഥാനത്തിൽ കാലോചിതമായി പരിഷ്കരിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

64. പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിലുള്ള വിവിധ ഹോസ്റ്റലുകൾ ശോചനീയാവസ്ഥയിലാണെന്നും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പുതല ഉന്നത ഉദ്യോഗസ്ഥർ വിവിധ ഹോസ്റ്റലുകളിൽ മിന്നൽ പരിശോധന നടത്തി വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾക്കും കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം ലഭ്യമാക്കുന്നതിനുള്ള മതിയായ തുക തുടങ്ങി വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും ശരിയായ നടത്തിപ്പിനും ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകൾ ശുഷ്ക്കാന്തി കാണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

65. ഉന്നത വിദ്യാഭ്യാസം നേടി പുറത്തുവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ വേണ്ടത്ര സംവരണം ഉണ്ടായിട്ടും സിവിൽ സർവ്വീസ്, മെഡിക്കൽ/എഞ്ചിനീയറിംഗ്, പി.എസ്.സി., യു.പി.എസ്.സി., ബി.എസ്.ആർ.ബി., ആർ.ആർ.ബി. തുടങ്ങിയ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതായി കണ്ടുവരുന്നില്ല. ശരിയായ വിധത്തിലുള്ള പരിശീലനത്തിന്റെ അഭാവമാണ് ഇതിന് കാരണമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മത്സരപരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നതുപോലുള്ള പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

66. ഉന്നത വിദ്യാഭ്യാസവും എളുപ്പം ജോലി നേടിയെടുക്കാവുന്ന തൊഴിൽ പരിശീലനവും അതുവഴി നല്ല പ്രതിഫലം കിട്ടുന്ന ജോലിയും സമ്പാദിച്ചുകഴിഞ്ഞാൽ ഈ സമൂഹം ഇന്നുവരെ അനുഭവിച്ചുവരാത്ത സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് അറുതിവരുത്തുവാൻ കഴിയുമെന്ന് സമിതി കരുതുന്നു.

67. ആയതിനാൽ നല്ല പ്രതിഫലം ഇപ്പോൾ ലഭ്യമായ ഐ.ടി. മേഖലയിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ അങ്ങേയറ്റം താല്പര്യമെടുത്ത് എത്തിക്കുന്നതിനുവേണ്ടിയുള്ള തൊഴിൽ പരിശീലനസംരംഭങ്ങൾ സർക്കാർ ആവിഷ്കരിക്കണമെന്നും + 2 കഴിഞ്ഞ എല്ലാ വിദ്യാർത്ഥികളേയും നിർബന്ധപൂർവ്വം ഈ മേഖലയിലേക്ക് തിരിച്ചുവിടണമെന്നും അതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## വൈദ്യുതി

68. മനുഷ്യ പുരോഗതിയുടെ ചരിത്രത്തിലെ സുപ്രധാനമായ നാഴികക്കല്ലാണ് വൈദ്യുതിയുടെ കണ്ടുപിടുത്തം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അനിവാര്യമായ ഘടകമാണ് വൈദ്യുതി. എന്നാൽ വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത നിരവധി പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സംസ്ഥാനത്തുണ്ട്. 8811 പട്ടികജാതി കോളനികളും 2187 പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ഇനിയും വൈദ്യുതി എത്താത്ത നിരവധി കോളനികളുണ്ട്. ഇതിന്റെ കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. 11-ാം പദ്ധതിയുടെ അവസാനത്തോടെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

69. പട്ടികജാതി കോളനികളുടെ വൈദ്യുതീകരണത്തിനായി 10 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ആർ.ജി.ജി.വി.(വൈ) പദ്ധതിപ്രകാരവും വൈദ്യുതി എത്താത്ത കോളനികൾ വൈദ്യുതീകരിക്കാൻ പരിപാടിയുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ എയിഡായി നൽകിയ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം ത്വരിതപ്പെടുത്തുവാൻ പദ്ധതിയുണ്ട്. എം.പി., എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ നിന്നും വൈദ്യുതീകരണ പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് 2006-07 വർഷത്തിൽ പ്ളാൻ (കോർപ്പസ്) ഫണ്ടിൽ നിന്നും 67 കോളനികൾ വൈദ്യുതീകരിക്കാൻ 41,33,000

രൂപയുടെ പദ്ധതി അംഗീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. കെ.എസ്.ഇ.ബി.യുടെ തനത് ഫണ്ടും ഇതിനായി വിനിയോഗിക്കുന്നുണ്ട്.

70. എന്നാൽ വിവിധ പദ്ധതികൾ സംയോജിതമായി ഏറ്റെടുത്ത് സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെയും സെറ്റിൽമെന്റുകളുടെയും വൈദ്യുതീകരണം അടുത്ത 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഗതാഗതം

71. കേരളത്തിലെ പല പട്ടികജാതി/പട്ടികവർഗ്ഗ കോളനികളും ദുർഗ്ഗമപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഇത് കോളനികളിലെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഘടകമാണ്. ആയതിനാൽ റോഡില്ലാത്ത ദുർഗ്ഗമപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കോളനികളിലേക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മിച്ച് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് പ്രഥമ പരിഗണന നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കലാകായികരംഗം

72. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനത് കലാരൂപങ്ങളും വാദ്യോപകരണങ്ങളും വേണ്ട വിധത്തിൽ പരിപോഷിപ്പിക്കപ്പെടാത്തതുകൊണ്ട് അവ അന്യംനിന്നു പോകുന്ന അവസ്ഥയിലാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ഇത്തരം കലകളേയും വാദ്യോപകരണങ്ങളേയും കുറിച്ച് ആധികാരികമായ പഠനങ്ങളോ ഗവേഷണങ്ങളോ നടന്നിട്ടില്ല.

73. ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ തനതു കലാരൂപങ്ങൾക്കും വാദ്യോപകരണങ്ങൾക്കും പ്രത്യേക പ്രോത്സാഹനം നൽകുന്നതിനും ഇതു സംബന്ധിച്ച് ആധികാരിക പഠനം നടത്തുന്നതിനും കൂടാതെ പ്രസ്തുത കലകൾ സ്കൂൾ യുവജനോത്സവങ്ങളിലെ മത്സര ഇനങ്ങളിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

74. പട്ടികജാതി /പട്ടികവർഗ്ഗ മേഖലയിൽ നിന്നുള്ള നിരവധി കുട്ടികൾ സ്കൂൾ തലങ്ങളിൽ കായിക രംഗത്ത് മികവ് പുലർത്തിവരുന്നുണ്ട്. ഇത്തരം കുട്ടികളെ യഥാസമയം കണ്ടെത്തിഅവരുടെ കായികരംഗം പുഷ്ടിപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതായിട്ടുണ്ട്., പലപ്പോഴും കായികരംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികൾ തുടർന്നുള്ള പഠനങ്ങളിൽ പരാജയപ്പെടുകയാണെങ്കിൽ അവരുടെ പഠനവും കായികരംഗവും അതോടെ അവസാനിക്കുന്നതായി കണ്ടുവരുന്നു.

75. ആയതിനാൽ കായിക രംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികളുടെ പഠനവും കായികരംഗവും ഒരുമിച്ച് കൊണ്ടുപോകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സാമൂഹികസംരക്ഷണം

76. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്ക് സാമൂഹ്യജീവിതത്തിൽ നിരവധി പ്രതിബന്ധങ്ങൾ നേരിടേണ്ടതായി വരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ

അജ്ഞതയും ബലഹീനതയും മുതലെടുത്ത് അവരെ പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാക്കപ്പെടുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ കബളിപ്പിച്ച് അവരുടെ സ്വത്ത് തട്ടിയെടുക്കുക, സ്ത്രീകളെ ലൈംഗീകമായി പീഡിപ്പിക്കുക, മദ്യവും മയക്കുമരുന്നും നൽകി വശത്താക്കി വ്യജവാറ്റ്, വനം കൊള്ള, കഞ്ചാവ് കൃഷി തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ സംഘടിപ്പിച്ച് പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ അവസരങ്ങൾ തട്ടിയെടുക്കുക തുടങ്ങി നിരവധി കുറ്റകൃത്യങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടക്കുന്നുണ്ട്.

77. ആയതിനാൽ ഇതിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും ഇവർക്ക് സൗജന്യ നിയമസഹായം നൽകണമെന്നും ഇതിനായി സർക്കാർ അഭിഭാഷകരും സേവനതൽപ്പരരായ റിട്ടയർ ചെയ്ത ജസ്റ്റീസുമാരും അതേ മനോഭാവത്തോടു കൂടിയ വക്കീലന്മാരും ഉൾപ്പെടുന്ന ഒരു സമിതി ഓരോ ജില്ലയിലും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നും അതിന്റെ ചുമതല റിട്ടയർ ചെയ്ത ന്യായാധിപന്മാരെ ഏല്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

78. കൂടാതെ മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ മക്കൾക്ക് ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുണ്ടായ ബുദ്ധിമുട്ട് സമിതി മനസ്സിലാക്കുകയുണ്ടായി. ആയതിനാൽ മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

79. സ്വാതന്ത്ര്യം ലഭിച്ച് 60 സംവത്സരങ്ങൾ കഴിഞ്ഞിട്ടും സമൂഹത്തിന്റെ വളരെ ചെറിയൊരു വിഭാഗമായ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ ജാതി വ്യക്തമാക്കുന്ന ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ പരിതാപകരമായ അവസ്ഥ തന്നെയാണ്. ഇത്തരത്തിൽ അവ്യക്തമായി തുടരുന്ന ഈ സംവിധാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ വിഭാഗക്കാരുടെ മുഴുവൻ ആനുകൂല്യങ്ങളും നിശ്ചയിക്കപ്പെടുന്നതും വിതരണം ചെയ്യപ്പെടുന്നതും. ഇതിലുണ്ടാകുന്ന വീഴ്ചയാണ് നമ്മുടെ ഇതുവരെയുള്ള സകല പരിശ്രമങ്ങളും പാഴായി പോകുന്നതിന്റെ പിന്നിലുള്ള യഥാർത്ഥ കാരണമെന്ന് സമിതി വിലയിരുത്തുന്നു. അതോടൊപ്പം ഓരോ ആനുകൂല്യത്തിനും അധികാരികളുടെ മുമ്പിൽ പോയി ജാതി തെളിയിക്കുന്ന പത്രം സമ്പാദിക്കുന്ന നിലവിലെ ഏർപ്പാടും അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും ഇട നൽകുമെന്നതും സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടിക ജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി വ്യക്തമാക്കുന്ന സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും തർക്കം നിലനിൽക്കുന്നതും ഇനി കണ്ടെത്തേണ്ടതുമായ വിഭാഗങ്ങളുടെ ജാതി സമയബന്ധിതമായി ഒരു വർഷത്തിനകം തന്നെ കണ്ടെത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

80. സമൂഹത്തിൽ അർഹമായ പദവി ഇന്നും ഈ വിഭാഗങ്ങൾക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ശക്തമായ നടപടികൾ ഉണ്ടാകേണ്ടതാണ്. ഇന്നു പരിശോധിച്ചു നോക്കിയാൽ

വ്യവസായ സംരംഭകരായോ, ഭൂവുടമകളായോ വ്യാപാര മേഖലകളിലോ ഇവരെ കണ്ടെത്താൻ കഴിയുകയില്ല. സമ്പത്തിന് ഉടമകളാക്കുക എന്ന ലക്ഷ്യം കൂടി നിറവേറ്റേണ്ടിയിരിക്കുന്നു. അതിനാവശ്യമായ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കെ. കുട്ടി അഹമ്മദ് കുട്ടി,

*അദ്ധ്യക്ഷൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
18-3-2008.

അനുബന്ധം 1

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 21 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | ഓരോ ജില്ലയിലുമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമുദായം തിരിച്ചുള്ള ജനസംഖ്യ (സ്ത്രീ/പുരുഷൻ) അതിൽ 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം (ആൺ/പെൺ), 5-നും 15-നും ഇടയിലുള്ള കുട്ടികളുടെ എണ്ണം (ആൺ/പെൺ), കുടുംബങ്ങൾ, കോളനികൾ ഓരോ കുടുംബത്തിനും സർക്കാരിൽനിന്നും ലഭിച്ച വിവിധ ആനുകുല്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, തൊഴിൽ, സാമ്പത്തികം തുടങ്ങിയ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയെ സംബന്ധിച്ച സമഗ്രമായ ഒരു പ്രത്യേക സർവ്വേ എല്ലാവർഷവും ജനുവരി 1 മുതൽ തുടങ്ങി ജനുവരി 15-ന് പൂർത്തീകരിക്കുന്ന വിധത്തിൽ സമയബന്ധിതമായി നടത്തണമെന്നും പ്രസ്തുത മേഖലയിലെ പദ്ധതി ആസൂത്രണങ്ങൾ ഈ സർവ്വേപ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 25 | ,, | പട്ടികജാതി/പട്ടികവർഗ്ഗ മേഖലയുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ഒരു നിശ്ചിത കാലത്തേയ്ക്ക് ഒരു നിശ്ചിത ലക്ഷ്യം നേടണമെന്ന ചുമതല നൽകണമെന്നും പ്രസ്തുത ചുമതല യഥാസമയം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഒരു ജില്ലാതല ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ പരിശോധിക്കണമെന്നും ഓരോ ഉദ്യോഗസ്ഥന്റെ പേരിലും ഏൽപ്പിച്ച ഉത്തരവാദിത്വം നിർവ്വഹിച്ചുവെന്ന് ഉറപ്പാക്കണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും കൂടാതെ പദ്ധതി വിഹിതം നിശ്ചിത ലക്ഷ്യം നേടുന്നതിനുപയോഗിക്കാതെ ലാപ്സാക്കുന്നതിന്റെ ഉത്തരവാദിത്വം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 27 | ,, | പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ സ്വാതന്ത്ര്യാനന്തരം ഇതുവരെ നടപ്പാക്കിയ വികസന/ക്ഷേമ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലും പൊതുവിലും |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 27 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ഉണ്ടായി ട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് ഒരു സമഗ്രമായ പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 31 | ,, | കൃഷി ചെയ്യാൻവേണ്ടി സർക്കാർ പതിച്ചുനൽകുന്ന ഭൂമി കൃഷിയ്ക്ക് അനുയോജ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വീട് വയ്ക്കുവാൻവേണ്ടി നൽകുന്ന ഭൂമി വാസയോഗ്യമാക്കുന്നതിന് കുടിവെള്ളം, ഗതാഗത സൗകര്യം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കേണ്ടതാണ്. നിലവിൽ പതിച്ചുകൊടുത്ത സ്ഥലങ്ങൾ വാസയോഗ്യമാക്കുന്നതിനും, കാർഷിക യോഗ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ, സമയബന്ധിതമായി ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 5 | 33 | ,, | സർക്കാർ പതിച്ചു നൽകുന്ന ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള വ്യവസ്ഥ ഏർപ്പെടുത്തണമെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചെടുത്ത് യഥാർത്ഥ അവകാശികൾക്ക് നൽകാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 6 | 38 | ,, | ഭവന നിർമ്മാണ സാമഗ്രികളുടെ വില അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ലഭ്യമാക്കുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികവർഗ്ഗക്കാർക്ക് രണ്ട് ലക്ഷം രൂപയായും പട്ടികജാതിക്കാർക്ക് 1½ ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്നും എല്ലാ വീടുകൾക്കും ഘടനയിൽ ഐകരൂപ്യമുണ്ടാകണമെന്നും ഓരോ പ്രദേശത്തിന്റെയും പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളണമെന്നും കുറഞ്ഞത് $30m^2$ വിസ്തൃതി വീടുകൾക്ക് ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 40 | ,, | പൂർണ്ണമായും പണിതീർത്ത് നൽകിയ വീടുകൾ മാത്രമേ ഗുണഭോക്താക്കൾക്ക് കൈമാറാവൂ എന്നും ചുരുങ്ങിയത് 25 വർഷത്തേയ്ക്ക് കാര്യമായ അറ്റകുറ്റ പണികൾ വരാത്തവിധത്തിലുള്ള സാങ്കേതികവിദ്യ |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | 40 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | പ്രയോജനപ്പെടുത്തി ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഏജൻസികൾ മുഖേന അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭവന രഹിതരായ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകണമെന്നും ഇതിന്റെ കണക്കുകൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും എല്ലാ മാസവും ക്രോഡീകരിച്ച് ക്രമീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8 | 42 | ,, | വകുപ്പുകളുടെ ഏകോപനം പദ്ധതി ആരംഭിക്കുന്നതിനു മുമ്പുതന്നെ ഉറപ്പുവരുത്തണമെന്നും നിശ്ചയിച്ച സമയപരിധിക്കുള്ളിൽതന്നെ പദ്ധതി തീർക്കുന്നതിന് ആവശ്യമായ നിബന്ധനകൾ നടപടിക്രമങ്ങളിൽ ഉൾക്കൊള്ളിക്കണമെന്നും ഇതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ടവരിൽ നിക്ഷിപ്തമാക്കിതന്നെ പദ്ധതി വിഭാവനം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 43 | ,, | കുടിവെള്ള പദ്ധതി വിഭാവനം ചെയ്യുമ്പോൾതന്നെ സ്രോതസ്സുകളുടെ സ്ഥിതി ശാസ്ത്രീയമായി അവലോകനം ചെയ്യണമെന്നും കഴിഞ്ഞ 10 വർഷമെങ്കിലും വേനൽക്കാലത്ത് പ്രസ്തുത സ്രോതസ്സ് നിലനിന്നിരുന്നുവെന്ന് ഉറപ്പുവരുത്തുകയും ആ രീതിയിൽ പ്രോജക്ടിൽ മതിയായ മാറ്റം വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 10 | 45 | ,, | ഓരോ കോളനിയിലെയും കുടിവെള്ള വിതരണ സംവിധാനം അവലോകനം ചെയ്യുന്നതിനും ശരിയായ വിധത്തിൽ പരിപാലിക്കുന്നതിനും സർക്കാർ നേതൃത്വത്തിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിക്കണമെന്നും കൃത്യമായി പമ്പിംഗ് നടത്തുന്നതിനും കുടിവെള്ളം പാഴായി പോകാതിരിക്കുവാൻ പമ്പ് ചെയ്യുന്ന വെള്ളത്തിനും വിതരണം ചെയ്യുന്ന വെള്ളത്തിനും കണക്ക് ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 47 | ,, | വിവിധ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള വിതരണ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾക്കും വകുപ്പുതലത്തിൽ പ്രത്യേക |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | 47 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | സംവിധാനം ഏർപ്പെടുത്തണമെന്നും ഇതിനായി ബജറ്റിൽ പ്രത്യേക ശീർഷകം നൽകി തുക അനുവദിക്കണമെന്നും വകുപ്പ് അടുത്ത 5 വർഷത്തിനുള്ളിൽ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 12 | 52 | ,, | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരു കുടുംബത്തിലെ ഒരാളിനെങ്കിലും സ്ഥിര വരുമാനം ലഭിക്കുന്നതിനുള്ള സാഹചര്യമൊരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 53 | ,, | തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനു മുമ്പായി ഗുണഭോക്താക്കൾക്ക് ശരിയായ വിധത്തിലുള്ള പരിശീലന പരിപാടി നടപ്പാക്കണമെന്നും സാങ്കേതിക മാനേജ്മെന്റിൽ പരിശീലനം തുടർന്നും നൽകണമെന്നും ഇതിനുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 54 | ,, | സ്വന്തമായി കൃഷിഭൂമിയുള്ളവർക്കും സർക്കാർ പതിച്ചു നൽകുന്ന ഭൂമിയിലും കൃഷി കൂടുതൽ ലാഭകരമാക്കാൻ വേണ്ട ധനസഹായം നൽകണമെന്നും പരമ്പരാഗത തൊഴിൽ മേഖലയ്ക്കും കൂടുതൽ പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 56 | ,, | കേരളത്തിലെ മുഴുവൻ പട്ടികവർഗ്ഗ കോളനികളിലും സമയാസമയങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗികളെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനും കൂടാതെ മുഴുവൻ പട്ടികവർഗ്ഗ കോളനികളിലും സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ എല്ലാ മാസവും സന്ദർശിച്ച് ചികിത്സ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 16 | 57 | ,, | പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ആരോഗ്യമേഖലയിലെ അത്യപൂർവ്വ അറിവുകൾ പ്രയോജനപ്പെടുത്തുന്നതിനും അവ അന്യം നിന്നു പോകാതെ കാത്തുസൂക്ഷിക്കുന്നതിനും യഥാർത്ഥ അവകാശികളിൽ നിന്ന് തട്ടിയെടുക്കാതിരിക്കുന്നതിനുമായി സർക്കാർ |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | 57 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | തലത്തിൽ അത്യപൂർവ്വ അറിവുകളുടെ സംരക്ഷണ ത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 17 | 58 | ,, | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാ ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 18 | 61 | ,, | വിദ്യാഭ്യാസ മേഖലയുടെ പ്രോത്സാഹനത്തിന് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ഒരു വലിയ വിഭാഗം പേർ സ്കൂൾ തലത്തിൽ വച്ചുതന്നെ പഠനം അവസാനി പ്പിച്ച് പോകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന്റെ യഥാർത്ഥ കാരണം കണ്ടെത്തി അവരെ വിദ്യാലയങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 63 | ,, | ഇന്നത്തെ സാഹചര്യത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂ ല്യങ്ങൾ വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ് എങ്കിലും പ്രസ്തുത ആനുകൂല്യങ്ങൾ വിലസൂചിക യുടെ അടിസ്ഥാനത്തിൽ കാലോചിതമായി പരിഷ്ക രിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു. |
| 20 | 64 | ,, | ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനായി വകുപ്പുതല ഉന്നത ഉദ്യോഗസ്ഥർ വിവിധ ഹോസ്റ്റലുകളിൽ മിന്നൽ പരിശോധന നടത്തി വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾക്കും കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം ലഭ്യമാക്കുന്നതി നുള്ള മതിയായ തുക തുടങ്ങി വിവിധപ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും ശരിയായ നടത്തി പ്പിനും ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകൾ ശുഷ്ക്കാന്തി കാണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | 65 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | മത്സരപരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന തിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നതു പോലുള്ള പ്രീ.എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 22 | 67 | ,, | നല്ല പ്രതിഫലം ഇപ്പോൾ ലഭ്യമായ ഐ.ടി. മേഖല യിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ അങ്ങേയറ്റം താല്പര്യമെടുത്ത് എത്തിക്കുന്നതിനു വേണ്ടിയുള്ള തൊഴിൽ പരിശീലനസംരംഭങ്ങൾ സർക്കാർ ആവിഷ്കരിക്കണമെന്നും + 2 കഴിഞ്ഞ എല്ലാ വിദ്യാർത്ഥികളേയും നിർബന്ധപൂർവ്വം ഈ മേഖലയിലേക്ക് തിരിച്ചുവിടണമെന്നും അതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 70 | ,, | വിവിധ പദ്ധതികൾ സംയോജിതമായി ഏറ്റെടുത്ത് സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെയും സെറ്റിൽമെന്റുകളുടെയും വൈദ്യുതീകരണം അടുത്ത 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 24 | 71 | ,, | റോഡില്ലാത്ത ദുർഗ്ഗമപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കോളനികളിലേക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മിച്ച് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് പ്രഥമ പരിഗണന നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 25 | 73 | ,, | പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ തനതു കലാരൂപങ്ങൾക്കും വാദ്യോപകരണങ്ങൾക്കും പ്രത്യേക പ്രോത്സാഹനം നൽകുന്നതിനും ഇതുസംബന്ധിച്ച് ആധികാരിക പഠനം നടത്തുന്നതിനും കൂടാതെ പ്രസ്തുത കലകൾ സ്കൂൾ യുവജനോത്സവങ്ങളിലെ മത്സര ഇനങ്ങളിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 26 | 75 | ,, | കായിക രംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികളുടെ പഠനവും കായികരംഗവും ഒരുമിച്ച് കൊണ്ടു പോകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | 77 | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ അജ്ഞതയും ബലഹീനതയും മുതലെടുത്ത് അവരെ പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാക്കുന്നതിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും ഇവർക്ക് സൗജന്യ നിയമസഹായം നൽകണമെന്നും ഇതിനായി സർക്കാർ അഭിഭാഷകരും സേവന തൽപ്പരരായ റിട്ടയർ ചെയ്ത ജസ്റ്റീസുമാരും അതേ മനോഭാവത്തോടുകൂടിയ വക്കീലന്മാരും ഉൾപ്പെടുന്ന ഒരു സമിതി ഓരോ ജില്ലയിലും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നും അതിന്റെ ചുമതല റിട്ടയർ ചെയ്ത ന്യായാധിപന്മാരെ ഏല്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 28 | 78 | ,, | മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ മക്കൾക്ക് ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുണ്ടായ ബുദ്ധിമുട്ട് സമിതി മനസ്സിലാക്കുകയുണ്ടായി. ആയതിനാൽ മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 29 | 79 | ,, | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജാതി വ്യക്തമാക്കുന്ന സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും തർക്കം നിലനിൽക്കുന്നതും ഇനി കണ്ടെത്തേണ്ടതുമായ വിഭാഗങ്ങളുടെ ജാതി സമയബന്ധിതമായി ഒരു വർഷത്തിനകം തന്നെ കണ്ടെത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 30 | 80 | ,, | സമൂഹത്തിൽ അർഹമായ പദവി ഇന്നും ഈ വിഭാഗങ്ങൾക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ശക്തമായ നടപടികൾ ഉണ്ടാകേണ്ടതാണ്. ഇന്നു പരിശോധിച്ചു നോക്കിയാൽ വ്യവസായ സംരംഭകരായോ, ഭൂവുടമകളായോ വ്യാപാര മേഖലകളിലോ ഇവരെ കണ്ടെത്താൻ കഴിയുകയില്ല. സമ്പത്തിന് ഉടമകളാക്കുക എന്ന ലക്ഷ്യം കൂടി നിറവേറ്റേണ്ടിയിരിക്കുന്നു. അതിനാവശ്യമായ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

അനുബന്ധം 2

## പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ—2001 കനേഷുമാരി

| ക്രമനമ്പർ | ജില്ല | ജനറൽ ആകെ | ജനറൽ പുരുഷൻ | ജനറൽ സ്ത്രീ | പട്ടികജാതി ആകെ | പട്ടികജാതി പുരുഷൻ | പട്ടികജാതി സ്ത്രീ | പട്ടികവർഗ്ഗം ആകെ | പട്ടികവർഗ്ഗം പുരുഷൻ | പട്ടികവർഗ്ഗം സ്ത്രീ | പട്ടിക വർഗ്ഗം ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3,234,356 | 1,569,917 | 1,664,439 | 370,857 | 178,718 | 192,139 | 20,893 | 9,890 | 11,003 | 0.65 |
| 2 | കൊല്ലം | 2,585,208 | 1,249,621 | 1,335,587 | 322,887 | 156,880 | 166,007 | 5,190 | 2,447 | 2,743 | 0.20 |
| 3 | പത്തനംതിട്ട | 1,234,016 | 589,398 | 644,618 | 162,002 | 78,731 | 83,271 | 6,549 | 3,184 | 3,365 | 0.53 |
| 4 | ആലപ്പുഴ | 2,109,160 | 1,014,529 | 1,094,631 | 199,231 | 96,900 | 102,331 | 3,131 | 1,565 | 1,566 | 0.15 |
| 5 | കോട്ടയം | 1,953,646 | 964,926 | 988,720 | 50,282 | 73,885 | 76,397 | 18,340 | 8,972 | 9,368 | 0.94 |
| 6 | ഇടുക്കി | 1,129,221 | 566,682 | 562,539 | 159,362 | 79,389 | 79,973 | 50,973 | 25,510 | 25,463 | 4.51 |
| 7 | എറണാകുളം | 3,105,798 | 1,538,397 | 1,567,401 | 263,518 | 129,706 | 133,812 | 10,046 | 5,079 | 4,967 | 0.32 |
| 8 | തൃശ്ശൂർ | 2,974,232 | 1,422,052 | 1,552,180 | 354,226 | 171,443 | 182,783 | 4,826 | 2,293 | 2,533 | 0.16 |
| 9 | പാലക്കാട് | 2,617,482 | 1,266,985 | 1,350,497 | 432,578 | 210,624 | 221,954 | 39,665 | 19,990 | 19,675 | 1.52 |
| 10 | മലപ്പുറം | 3,625,471 | 1,754,576 | 1,870,895 | 285,442 | 140,535 | 144,907 | 12,267 | 5,996 | 6,271 | 0.34 |
| 11 | കോഴിക്കോട് | 2,879,131 | 1,399,358 | 1,479,773 | 200,983 | 98,386 | 102,597 | 5,940 | 2,924 | 3,016 | 0.21 |
| 12 | വയനാട് | 780,619 | 391,273 | 389,346 | 33,364 | 16,738 | 16,626 | 136,062 | 67,394 | 68,668 | 17.43 |
| 13 | കണ്ണൂർ | 2,408,956 | 1,152,817 | 1,256,139 | 98,991 | 48,275 | 50,716 | 19,969 | 9,793 | 10,176 | 0.83 |
| 14 | കാസർഗോഡ് | 1,204,078 | 588,083 | 615,995 | 90,218 | 44,904 | 45,314 | 30,338 | 15,132 | 15,206 | 2.52 |
| | ആകെ മൊത്തം | 31,841,374 | 15,468,614 | 16,372,760 | 3,123,941 | 1,525,114 | 1,598,827 | 364,189 | 180,169 | 184,020 | 1.14 |

## അനുബന്ധം 3

## സംസ്ഥാനത്തെ പട്ടികവർഗ്ഗ ലിസ്റ്റ്

**[As Amended by the Scheduled Castes and Scheduled Tribes Orders (Amendment) Act, 2002 (Act 10 of 2003) vide Part-VII-Kerala-Schedule notified in the Gazette of India dated, 8-1-2003]**

| | | | |
|---|---|---|---|
| 1. | Adiyan | - | അടിയാൻ |
| 2. | Arandan,[1][Aranadan] | - | അരനാടൻ |
| 3. | Eravallan | - | ഇരവാലൻ |
| 4. | Hill Pulaya, [2][Mala Pulayan, Kurumba Pulayan, Karavazhi Pulayan, Pamba Pulayan] | - | ഹിൽ പുലയ, മല പുലയൻ, കുറുമ്പ പുലയൻ, കരവഴി പുലയൻ, പാമ്പ പുലയൻ |
| 5. | Irular, Irulan | - | ഇരുളർ, ഇരുളൻ |
| 6. | Kadar, [3][Wayanad Kadar] | - | കാടർ, വയനാട് കാടർ |
| | [4][xxx] | | |
| 8. | Kanikaran, Kanikkar | - | കാണിക്കാരൻ, കാണിക്കാരർ |
| 9. | Kattunayakan | - | കാട്ടുനായിക്കൻ |
| 10. | [5][Kochuvelan] | - | കൊച്ചുവേലൻ |
| | [6][11. xxx] | | |
| | [7][12. xxx] | | |
| 13. | Koraga | - | കൊറഗ |
| | [8][14.xxx] | | |
| 15. | Kudiya, Melakudi | - | കുടിയ, മേലക്കുടി |
| 16. | Kurichchan, [9][Kurichiyan] | - | കുറിച്ച്യൻ, കുറിച്ചിയൻ |
| 17. | Karumans, [10][Mullu Kurumban, Mulla Kuruman, Mala Kuruman] | - | കുറുമർ, മുള്ളുക്കുറുമൻ, മുള്ള കുറുമൻ, മല കുറുമൻ |
| 18. | Kurumbas, [11][Kurumbar, Kurumban] | - | കുറുമ്പർ, കുറുമ്പൻ |
| 19. | Mahamalassar | - | മഹാമലസർ |
| 20. | Malai Arayan, [12][Mala Arayan] | - | മലൈ അരയൻ, മല അരയൻ |
| 21. | Malai Pandaram | - | മലൈ പണ്ടാരം |

| | | | |
|---|---|---|---|
| 22. | Malai Veedan, [13][Malavedan] | - | മലൈ വേടൻ, മല വേടൻ |
| 23. | Malakkuravan | - | മലക്കുറവൻ |
| 24. | Malassar | - | മലസർ |
| 25. | [14][Malayan, Nattu Malayan, Konga Malayan (excluding the areas comprising the Kasargode, Cannanore, Wayanad and Kozhikode Districts)] | - | മലയൻ, നാട്ടു മലയൻ, കൊങ്ങ മലയൻ(കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ല കൾ ഒഴികെ) |
| 26. | Malayarayar | - | മലയരയർ |
| 27. | Mannan [15] (to be spelt in Malayalam script in parenthesis) | - | മണ്ണാൻ |
| | [16][28. xxx] | | |
| 29. | Muthuvan, Mudugar, Muduvan | - | മുതുവാൻ, മുഗുഡർ, മുഡുവാൻ |
| | [17] [30. Palleyan, Palliyan, Palliyar Paliyan] | - | പള്ളിയൻ, പള്ളിയാർ, പളിയൻ |
| | [18] [31. xxx] | | |
| 32. | [xxx] | | |
| 33. | Paniyan | - | പണിയൻ |
| 34. | Ulladan, [19][Ullatan] | - | ഉള്ളാടൻ |
| 35. | Uraly | - | ഊരാളി |
| 36. | [20][Mala Vettuvan (in Kasargode and Kannur districts)] | - | മല വേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ) |
| 37. | [20][Ten Kurumban, Jennu Kurumban] | - | തേൻ കുറുമ്പൻ, ജേനു കുറുമ്പൻ |
| 38. | [20][Thachanadan, Thachanadan Moopan] | - | തച്ചനാടൻ, തച്ചനാടൻ മൂപ്പൻ |
| 39. | [20][Cholanaickan] | - | ചോലനായിക്കൻ |
| 40. | [20][Mavilan] | - | മാവിലൻ |
| 41. | [20][Karimpalan] | - | കരിമ്പാലൻ |
| 42. | [20][Vetta Kuruman] | - | വെട്ടകുറുമൻ |
| 43. | [20][Mala Panickar] | - | മല പണിക്കർ |

അനുബന്ധം 4

## ഡിപ്പാർട്ട്മെന്റ് കോളനികൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | പഞ്ചായത്ത് | ബ്ലോക്ക് |
|---|---|---|---|
| (1) | (2) | (3) | (4) |
| | **തിരുവനന്തപുരം** | | |
| 1 | മഞ്ചാകോട് | കരകുളം | നെടുമങ്ങാട് |
| 2 | അരുവിക്കോട് | ,, | ,, |
| 3 | പനവൂർ | പനവൂർ | ,, |
| 4 | കരിങ്ങയിൽ | ,, | ,, |
| 5 | പേരുമല | ,, | ,, |
| 6 | അരുവിക്കര | അരുവിക്കര | ,, |
| 7 | പുറുത്തിപ്പാറ | ആര്യനാട് | വെള്ളനാട് |
| 8 | കീഴവാലൂർ | ,, | ,, |
| 9 | കരുംകുറ്റി | ,, | ,, |
| 10 | ചെല്ലപ്പച്ച | പാങ്ങോട് | വാമനപുരം |
| 11 | കോട്ടുകാൽ | കോട്ടുകാൽ | അതിയന്നൂർ |
| 12 | ചൊവ്വര | ,, | ,, |
| 13 | കാഞ്ഞിരംകുളം | കാഞ്ഞിരംകുളം | ,, |
| 14 | വെങ്ങാനൂർ | വെങ്ങാനൂർ | ,, |
| 15 | പെരുങ്കടവിള | കള്ളിക്കാട് | പെരുങ്കടവിള |
| 16 | പവിത്രാനന്ദപുരം | നെയ്യാറ്റിൻകര | (മുനിസിപ്പാലിറ്റി) |
| 17 | മര്യാപുരം | ചെങ്കൽ | പാറശ്ശാല |
| 18 | ചെമ്പൂര് | ആര്യങ്കോട് | പെരുങ്കടവിള |
| 19 | തിരുപുറം | തിരുപുറം | പാറശ്ശാല |
| 20 | കണ്ടല | മാറനല്ലൂർ | നേമം |
| 21 | തലയിൻപാറക്കുഴി | ,, | ,, |
| 22 | നാവായിക്കുളം | നാവായിക്കുളം | കിളിമാനൂർ |
| 23 | ശ്രീനിവാസപുരം | ചെമ്മരുതി | വർക്കല |
| 24 | പുകയിലത്തോപ്പ് | മുദാക്കൽ | ചിറയിൻകീഴ് |
| 25 | അഞ്ചാമട | (കോർ) തിരുവനന്തപുരം | .. |
| 26 | കഴക്കൂട്ടം | കഴക്കൂട്ടം | കഴക്കൂട്ടം |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | ആറ്റിപ്ര | ശ്രീകാര്യം | കഴക്കൂട്ടം |
| 28 | തോന്നയ്ക്കൽ | മംഗലാപുരം | ,, |
| 29 | മുരുക്കുംപുഴ | ,, | ,, |
| 30 | പള്ളിപ്പുറം | കഠിനംകുളം | ,, |
| 31 | ശിങ്കാരത്തോപ്പ് | തിരുവനന്തപുരം കോർപ്പറേഷൻ | .. |
| 32 | പൂജപ്പുര | ,, | .. |
| 33 | കണ്ണമ്മൂല | കടകംപള്ളി (തിരു. റൂറൽ) | .. |
| | **കൊല്ലം** | | |
| 34 | തഴമേൽ തെക്കേക്കര | അഞ്ചൽ | അഞ്ചൽ |
| 35 | പ്രാക്കുളം | തൃക്കരുവ | അഞ്ചാലുംമൂട് |
| 36 | സാം പ്രാണക്കോട് | ,, | ,, |
| 37 | വെള്ളിമൺ | പെരിനാട് | ചിറ്റുമല |
| 38 | കല്ലുവാതുക്കൽ | കല്ലുവാതുക്കൽ | ഇത്തിക്കര |
| 39 | വേളമാനൂർ | ,, | ,, |
| 40 | മീനാട് | ചാത്തന്നൂർ | ,, |
| 41 | കഴുകുംപാറ | ,, | ,, |
| 42 | കലക്കോട് | പൂതക്കുളം | ,, |
| 43 | ഓച്ചിറ | ഓച്ചിറ | ഓച്ചിറ |
| 44 | വെളിയം | വെളിയം | കൊട്ടാരക്കര |
| 45 | ആയിരുകുഴി | പവിത്രേശ്വരം | വെട്ടിക്കവല |
| 46 | കുളക്കടക്കിഴക്ക് | കുളക്കട | ,, |
| 47 | കടയ്ക്കാമൺ | പിറവന്തൂർ | പത്തനാപുരം |
| 48 | പാണ്ടിത്തിട്ട | തലവൂർ | ,, |
| 49 | ഐവർകാലതുവയൂർതെക്ക് | കടമ്പനാട് | പറക്കോട് |
| 50 | ഇടക്കാട് മലനട | പോരുവഴി | ശാസ്താംകോട്ട |
| 51 | ഉളിയക്കോവിൽ | കൊല്ലം (മുനിസി.) | .. |
| 52 | മണ്ണാൻകോളനി | ,, | .. |
| | **പത്തനംതിട്ട** | | |
| 53 | തുമ്പമൺ | തുമ്പമൺ | പന്തളം |
| 54 | ഐവർകല | കടമ്പനാട് | പറക്കോട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 55 | പെരിങ്ങനാട് | അടൂർ (മുനിസി.) | പറക്കോട് |
| 56 | എഴിക്കാട് | ആറന്മുള | കുളനട |
| 57 | മെഴുവേലി | മെഴുവേലി | ,, |
| 58 | ഇലന്തൂർ | ഇലന്തൂർ | ഇലന്തൂർ |
| 59 | കോട്ടത്തോട് | കുറ്റാപ്പുഴ | പുലിക്കീഴ് |
| 60 | മുക്കട | കുന്നത്താനം | മല്ലപ്പള്ളി |
| 61 | മൈലാമൺ | ,, | ,, |
| 62 | പൂഴാന | എഴുമാറ്റൂർ | കോയിപ്പുറം |
| 63 | കൂത്താട്ടുകുളം | കൂത്താട്ടുകുളം | പാമ്പാക്കുട |
| 64 | പേഴപാറ | വടശ്ശേരിക്കര | റാന്നി |
| 65 | പുന്നക്കുന്ന് | കുളനട | കുളനട |
| | **ആലപ്പുഴ** | | |
| 66 | വിവിഗ്രാം കോളനി | ചേർത്തലതെക്ക് | കഞ്ഞിക്കുഴി |
| 67 | തുറവൂർ നോർത്ത് | തുറവൂർ | പട്ടണക്കാട് |
| 68 | വെളുത്തുള്ളി | കുത്തിയതോട് | ,, |
| 69 | അറവുകോട് | പുന്നപ്ര | അമ്പലപ്പുഴ |
| 70 | നീർക്കുന്നം | അമ്പലപ്പുഴ | ,, |
| 71 | ഇല്ലിച്ചിറ | പുറക്കാട് | ,, |
| 72 | മുക്കട | തകഴി | ചമ്പക്കുളം |
| 73 | കലവൂർ | മണ്ണഞ്ചേരി | ആര്യനാട് |
| 74 | മണ്ണഞ്ചേരി | ,, | ,, |
| 75 | ആര്യനാട് നോർത്ത് | ആര്യനാട് | ,, |
| 7 | മല്ലേക്കര | കുമാരപുരം | ഹരിപ്പാട് |
| 77 | തെക്കേക്കര | തെക്കേക്കര | മാവേലിക്കര |
| 78 | വെള്ളിക്കുന്നം | വള്ളിക്കുന്നം | ഭരണിക്കാവ് |
| 79 | പാമ്പാഴിക്കര (പാണ്ടനാട്) | പാണ്ടനാട് | ചെങ്ങന്നൂർ |
| 80 | പെരിശ്ശേരി | പുളിയൂർ | ,, |
| | **കോട്ടയം** | | |
| 81 | ചെമ്മാൻകോളനി | കോട്ടയം (മുനിസി.) | .. |
| 82 | തിരുവഞ്ചിയൂർ | വിജയപുരം | പള്ളം |

| (1) | (2) | (3) | (4) |
|---|---|---|---|
| 83 | അതിരമ്പുഴ | അതിരമ്പുഴ | ഏറ്റുമാനൂർ |
| 84 | കൈപ്പുഴ | നീന്നൂർ | ,, |
| 85 | മോഡേൺ ഹരിജൻ കോളനി | ഏറ്റുമാനൂർ | ,, |
| 86 | ശാസ്താപുരം | ,, | ,, |
| 87 | ഇലക്കാട് | കടപ്ലാമറ്റം | ഉഴവൂർ |
| 88 | വയലാ | പാലാ (മുനിസി.) | |
| 89 | കുറിച്ചിത്താനം | മരങ്ങാട്ടുപ്പള്ളി | ,, |
| 90 | മോനിപ്പള്ളി | ഉഴവൂർ | ,, |
| 91 | മറവൻതുരുത്ത് | മറവൻതുരുത്ത് | വൈക്കം |
| 92 | വെച്ചൂർ | വെച്ചൂർ | വൈക്കം |
| 93 | തലയോലപ്പറമ്പ് | തലയോലപ്പറമ്പ് | കടുതുരുത്തി |
| 94 | മുളക്കുളം | കുളക്കുളം | ,, |
| 95 | മാഞ്ഞൂർ | മാഞ്ഞൂർ | ,, |
| 96 | വാഴപ്പള്ളി | ചങ്ങനാശ്ശേരി (മുനിസി.) | |
| 97 | മാടപ്പള്ളി | ചങ്ങനാശ്ശേരി (മുനിസി.) | |
| 98 | തൃക്കൊടിത്താനം | തൃക്കൊടിത്താനം | മാടപ്പള്ളി |
| 99 | എസ്. പി. കോളനി | കുറിച്ചി | ,, |
| 100 | കറുകച്ചാൽ | കറുകച്ചാൽ | ,, |
| 101 | വാഴൂർ | വാഴൂർ | വാഴൂർ |
| 102 | പാറാംതോട് | ചിറക്കടവ് | ,, |
| 103 | കരിക്കാട്ടൂർകൂപ്പ് 3 | മണിമല | കാഞ്ഞിരപ്പള്ളി |
| 104 | കരിക്കാട്ടൂർകൂപ്പ് 2 | മണിമല | ,, |
| 105 | പൂഞ്ഞാർ | പൂഞ്ഞാർതെക്കേക്കര | ഈരാറ്റുപേട്ട |
| 106 | അരുമാന്നൂർ | അയർകുന്നം | പള്ളം |
| 107 | മധുരവേലി | കടുത്തുരുത്തി | കടുത്തുരുത്തി |
| | **ഇടുക്കി** | | |
| 108 | അഞ്ചീരി | അലക്കോട് | എളന്തേശം |
| 109 | മുള്ളരിങ്ങാട് എ | വണ്ണപ്പുറം | ,, |
| 110 | മുള്ളരിങ്ങാട് ബി | ,, | ,, |
| 111 | വാഴത്തോപ്പ് | വാഴത്തോപ്പ് | ഇടുക്കി |

| (1) | (2) | (3) | (4) |
|---|---|---|---|
| 112 | കൊല്ലംപട്ടം | കുമളി | അഴുത |
| 113 | പച്ചടി | നെടുംകണ്ടം | നെടുംകണ്ടം |
| 114 | ചില്ലിത്തോട് | മാന്നാംകണ്ടം | അടിമാലി |
| | **എറണാകുളം** | | |
| 115 | കീഴില്ലം | രായമംഗലം | പാമ്പുകാട് (മുനിസി.) |
| 116 | കാഞ്ഞിരക്കോട് | പെരുമ്പാവൂർ | |
| 117 | ഐരാപുരം | മഴുവണ്ണൂർ | വടവക്കോട് |
| 118 | വെട്ടൂർ | ,, | |
| 119 | കോടനാട് | അസമന്നൂർ | കൂവപ്പടി |
| 120 | മാണിക്യമംഗലം | കാലടി | അങ്കമാലി |
| 121 | മലയാറ്റൂർ വെസ്റ്റ് | മലയാറ്റൂർ നീലേശ്വരം | ,, |
| 122 | മലയാറ്റൂർ ഈസ്റ്റ് | ,, | ,, |
| 123 | മണപ്പാട്ടച്ചിറ | ,, | ,, |
| 124 | കിഴക്കുംഭാഗം | കാഞ്ഞൂർ | ,, |
| 125 | തെക്കുംഭാഗം | ,, | ,, |
| 126 | ശ്രീമൂലനഗരം | ,, | ,, |
| 127 | മഞ്ഞപ്പാറ | മണ്ണപ്പാറ | ,, |
| 128 | ഏഴാറ്റുമുഖം | കറുകുറ്റി | അങ്കമാലി |
| 129 | മുപ്പത്തടം | കടങ്ങല്ലൂർ | ആലങ്ങാട് |
| 130 | ഇടത്തല | ഇടത്തല | വാഴക്കുളം |
| 131 | നായിക്കാട്ടുകര | ചൂമിക്കര | വാഴക്കുളം |
| 132 | വടവുക്കോട് | വടവുക്കോട് പുത്തൻകുരിശ് | വടവുക്കോട് |
| 133 | കുട്ടകോളനി | പുത്തനാപുഴ | |
| 134 | പിണർമുണ്ട | കുന്നത്തുനാട് | വടവുക്കോട് |
| 135 | മണിമരുതുംചാൽ | കാവലങ്ങാട് | കോതമംഗലം |
| 136 | പായിപ്ര | പായിപ്ര | മൂവാറ്റുപുഴ |
| 137 | വെല്ലൂർകുന്നം | മൂവാറ്റുപുഴ (മുനിസി.) | |
| 138 | മണിയന്തടം | മാഞ്ഞല്ലൂർ | മൂവാറ്റുപുഴ |
| 139 | കുളന്തുരുത്തി | മുളന്തുരുത്തി | മുളന്തുരുത്തി |
| 140 | കരിക്കോട് | ,, | ,, |
| 141 | പുളിക്കമാലി | മുളന്തുരുത്തി | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 142 | ആരകുന്നം | മുളന്തുരുത്തി | മുളന്തുരുത്തി |
| 143 | അലസക്കോട് | ,, | ,, |
| 144 | കുരിക്കോട് | ചോറ്റാനിക്കര | ,, |
| 145 | നാഗപ്പാടി | ,, | ,, |
| 146 | തലക്കോട് | ,, | ,, |
| 147 | കൈപ്പട്ടൂർ | ഇടക്കാട്ടുവയൽ | ,, |
| 148 | ഏഴിപ്പുറം | ,, | ,, |
| 149 | ഊർമ്മിളക്കുന്ന് | ,, | ,, |
| 150 | ആമ്പല്ലൂർ | ആമ്പല്ലൂർ | ,, |
| 151 | കുലയെറ്റിക്കര | ,, | ,, |
| 152 | രാമമംഗലം | രാമമംഗലം | കൂവപ്പാടി |
| 153 | കാഞ്ഞിരമറ്റം | ആമ്പല്ലൂർ | മുളന്തുരുത്തി |
| 154 | മേമുഖം | മാനീട് | പാമ്പുകാട് |
| 155 | പാമ്പ്ര | ,, | ,, |
| 156 | പുത്തൻവേലിക്കര | പുത്തൻവേലിക്കര | പാറക്കടവ് |
| 157 | മേക്കാട് | നെടുമ്പാശ്ശേരി | ,, |
| 158 | കുന്നുകര | കുന്നുകര | ,, |
| 159 | വെളിയനന്തുനാട് | കരമല്ലൂർ | ആലങ്ങാട് |
| 160 | ആലങ്ങാട് | ആലങ്ങാട് | വാവക്കോട് |
| 161 | നന്ദ്യാത്തുകുന്ന് | എഴിക്കര | പറവൂർ |
| 162 | പൊന്നുരുത്തി | കൊച്ചി (കോർപ്പ്) | ,, |
| 163 | ഇടപ്പള്ളി | കൊച്ചി (കോർപ്പ്) | ,, |
| 164 | ഏരൂർ എസ്. എം. പി. | ഏരൂർ | പാറക്കടവ് |
| 165 | മനകുന്നം | ഉദയംപേരൂർ | മുളന്തുരുത്തി |
| 166 | തുത്തിയൂർ | തൃക്കാക്കര | ഇടപ്പള്ളി |
| 167 | കടവന്ത്ര | കൊച്ചി (കോർപ്പ്) | ,, |
| 168 | ഞാറയ്ക്കൽ ന്യൂ കോളനി | ഞാറയ്ക്കൽ | വൈപ്പിൻ |
| 169 | ഞാറയ്ക്കൽ | ,, | ,, |
| 170 | ഞാറയ്ക്കൽ ലൈറ്റ് ഹൗസ് | ,, | ,, |
| 171 | ഞാറയ്ക്കൽ സീ ഷോർ | ,, | ,, |
| 172 | ഓച്ചന്തുരുത്ത് | ഇളംകുന്നപ്പുഴ | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 173 | പരപ്പക്കോട് | ഇടക്കാട്ടുവയൽ | മുളംതുരുത്തി |
| 174 | കൂത്താട്ടുകുളം | കൂത്താട്ടുകുളം | മൂവാറ്റുപുഴ |
| 175 | കല്ലൂക്കാട് | കല്ലൂർക്കാട് | ,, |
| | **തൃശ്ശൂർ** | | |
| 176 | തിപ്പൂർകോഴി കുന്ന് | വരവൂർ | വടക്കാഞ്ചേരി |
| 177 | നിപ്പൂർ അന്തിക്കുന്ന് | ,, | ,, |
| 178 | നിപ്പൂർ നെല്ലിക്കുന്ന് | ,, | ,, |
| 179 | വരവൂർ കണക്കോളനി | വരവൂർ | ,, |
| 180 | താമരകുന്ന് കോർപ്പനാൽ | ,, | ,, |
| 181 | വരവൂർ പറയകോളനി | ,, | ,, |
| 182 | വരവൂർ ചേമ്പികുന്ന് | ,, | ,, |
| 183 | വരവൂർ വെട്ടുകാട് | ,, | ,, |
| 184 | വരവൂർ വിലങ്കാട് | ,, | ,, |
| 185 | പുലാക്കോട് പറയകോളനി | ,, | ,, |
| 186 | പുല്ലൂർ | ദേശമംഗലം | ,, |
| 187 | ദേശമംഗലം | ,, | ,, |
| 188 | അറങ്ങോട്ടുകര | ,, | ,, |
| 189 | കാഞ്ഞിരക്കോട് സാംബര കോളനി | തിരുവില്വാമല | പഴയന്നൂർ |
| 190 | തിരുവില്വാമല സാംബവ കോളനി | ,, | ,, |
| 191 | കണിയാർകോട് ഗാന്ധിഗ്രാം | ,, | ,, |
| 192 | കുത്താംപ്പിള്ളി | ,, | ,, |
| 193 | കാഞ്ഞിരശ്ശേരി | വള്ളത്തോൾ നഗർ | ,, |
| 194 | മായന്നൂർ ഡി. സി. | കൊണ്ടാഴി | ,, |
| 195 | ചേലക്കാട് | ,, | ,, |
| 196 | കൊണ്ടാഴി | ,, | ,, |
| 197 | വീട്ടികുന്ന് | ,, | ,, |
| 198 | ഒലിച്ചി | ,, | ,, |
| 199 | തൊണ്ണൂർക്കര | ചേലക്കര | ,, |
| 200 | കുറുമല | ,, | ,, |
| 201 | പങ്ങാരപ്പിള്ളി | ചേലക്കര | ,, |
| 202 | പുലാക്കാട് പറയ | ,, | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 203 | മേപ്പാടം | ചേലക്കര | പഴയന്നൂർ |
| 204 | വെങ്ങനെല്ലൂർ | ,, | ,, |
| 205 | കുംബളങ്ങോട് | പഴയന്നൂർ നായാടി കോളനി | ,, |
| 206 | പൊറ്റ | ,, | ,, |
| 207 | പഴയന്നൂർ നായാടി കോളനി | പഴയന്നൂർ | ,, |
| 208 | കിള്ളിമംഗലം | പാഞ്ഞാൾ | ,, |
| 209 | കിള്ളിമംഗലം | ,, | ,, |
| 210 | തൃക്കണ്ണായ | പഴയന്നൂർ | ,, |
| 211 | എളനാട് | ,, | ,, |
| 212 | താങ്ങല്ലൂർ കാക്കുന്ന് വടക്കേക്കര | അവനൂർ | പുഴയ്ക്കൽ |
| 213 | കാട്ടുകാംബൽ കണക്കകോളനി | കാട്ടുകാംബൽ | ചൊവ്വന്നൂർ |
| 214 | കാട്ടുകാംബൽ നായാടി കോളനി | ,, | ,, |
| 215 | ചുണ്ടൽ | ചുണ്ടൽ | ചൊവ്വന്നൂർ |
| 216 | പെരുമല | ,, | ,, |
| 217 | പഴുന്നാന | ചൊവ്വന്നൂർ | ,, |
| 218 | പുതുശ്ശേരി കാണിപ്പയ്യൂർ | ,, | ,, |
| 219 | കോട്ടപ്പുറം | എരുമപ്പെട്ടി | വടക്കാഞ്ചേരി |
| 220 | കോട്ടപ്പുറം ഈസ്റ്റ് | ,, | ,, |
| 221 | കുട്ടഞ്ചേരി | ,, | ,, |
| 222 | നെല്ലുവായ് | ,, | ,, |
| 223 | ചിറ്റണ്ട | ,, | ,, |
| 224 | കരയന്നൂർ | ,, | ,, |
| 225 | ഈയൽ | കടങ്ങോട് | ,, |
| 226 | കടങ്ങോട്ടു നായാടി കോളനി | ,, | ,, |
| 227 | കടങ്ങോട്ടു പിലയ കോളനി | ,, | ,, |
| 228 | കടങ്ങോട്ടു പറയ കോളനി | ,, | ,, |
| 229 | കടങ്ങോട്ടു കണക്ക കോളനി | ,, | ,, |
| 230 | പുതുരുത്തി | ,, | ,, |
| 231 | വെള്ളാറക്കോട് | കാങ്ങോട് | ,, |
| 232 | മുണ്ടത്തിക്കോട് | ,, | ,, |
| 233 | പാത്രമംഗലം | വേലൂർ | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 234 | വെള്ളാന്നൂർ | വേലൂർ | വടക്കാഞ്ചേരി |
| 235 | വേലൂർ ആർ. എം. എസ്. | ,, | ,, |
| 236 | പുന്നംപറമ്പ് | തെക്കുംകര | ,, |
| 237 | പാർലിക്കാട് | ,, | ,, |
| 238 | തെക്കുംകര മഠത്തിക്കുന്ന് | ,, | ,, |
| 239 | മണലിത്ര | ,, | ,, |
| 240 | കരുമത്ര | ,, | ,, |
| 241 | എങ്കക്കാട് മരത്താകുന്ന് | വടക്കാഞ്ചേരി | ,, |
| 242 | എങ്കക്കാട് മരത്താക്കുന്ന് | ,, | ,, |
| 243 | എങ്കക്കാട് അകല പുലയകോളനി | ,, | ,, |
| 244 | കുമരനെല്ലൂർ | ,, | ,, |
| 245 | വടക്കാഞ്ചേരി | റെയിൽവേ സ്റ്റേഷൻ കോളനി | ,, ,, |
| 246 | വടക്കാഞ്ചേരി പറയ കോളനി | ,, | ,, |
| 247 | വടക്കാഞ്ചേരി കൂടൽ | ,, | ,, |
| 248 | അകംപാടം | ,, | ,, |
| 249 | പരുത്തിപ്ര | ,, | ,, |
| 250 | പുറനാട്ടുകര | അടാട്ട് | പുഴയ്ക്കൽ |
| 251 | അടാട്ട് | ,, | ,, |
| 252 | പോന്നോർ | തോളൂർ | ,, |
| 253 | കടവല്ലൂർ വട്ടമാവ് | കടവല്ലൂർ | ചൊവ്വന്നൂർ |
| 254 | പെരുമ്പിലാവ് പറയകോളനി | ,, | ,, |
| 255 | പെരുമ്പിലാവ് കണക്കകോളനി | ,, | ,, |
| 256 | കരിക്കാട് ഷൺമുഖപുരം | ,, | ,, |
| 257 | പോർക്കളം | പോർക്കളം | ,, |
| 258 | മങ്ങാട് വെസ്റ്റ് | ,, | ,, |
| 259 | കുന്നംകുളം നായാടി | ,, | ,, |
| 260 | കുന്നംകുളം കുറുക്കൻപാറ | ,, | ,, |
| 261 | കണ്ടാണിശ്ശേരി | കണ്ടാണിശ്ശേരി | ,, |
| 262 | ആളൂർ | ,, | ,, |
| 263 | തിരുവത്ര | ,, | ചൊവ്വന്നൂർ |

| (1) | (2) | (3) | (4) |
|---|---|---|---|
| 264 | ശിവരാമപുരം | അയ്യന്തോൾ | പുഴയ്ക്കൽ |
| 265 | മത്തായിപുരം | ,, | ,, |
| 266 | അയ്യന്തോൾ തൃക്കമാൻകുടം | ,, | ,, |
| 267 | കിള്ളന്നൂർ (അത്താണി) | കിള്ളന്നൂർ | ,, |
| 268 | കിള്ളന്നൂർ (പുളാക്കൽ) | ,, | ,, |
| 269 | പട്ടാളക്കുന്ന് | വിൽവട്ടം | ഒല്ലൂർക്കര |
| 270 | കുറ്റൂർ വലിയപറമ്പ് | കോലാടി | ,, |
| 271 | പൂക്കോട് നായാടി കോളനി | പൂക്കോട് | ചാവക്കാട് |
| 272 | അകലാട് നായാടി | പുന്നയൂർ | ,, |
| 273 | കയ്പമംഗലം | കയ്പമംഗലം | മതിലകം |
| 274 | ചെന്ത്രാപ്പിന്നി | എടത്തുരുത്തി | ,, |
| 275 | ഏങ്ങണ്ടിയൂർ നായാടി കോളനി | ഏങ്ങണ്ടിയൂർ | താലിക്കുളം |
| 276 | പുല്ലൂറ്റ് | കൊടുങ്ങല്ലൂർ (മുനിസി.) | ,, |
| 277 | അഴീക്കോട് | ഏറിയാട് | കൊടുങ്ങല്ലൂർ |
| 278 | എടവിലങ്ങ് | എടവിലങ്ങ് | ,, |
| 279 | പനങ്ങാട് | എസ്. എൻ. പുരം | മതിലകം |
| 280 | പാപ്പിനിവട്ടം | മതിലകം | മതിലകം |
| 281 | വെളത്തൂർ | അരിമ്പൂർ | പുഴയ്ക്കൽ |
| 282 | ശ്രീനാരായണപുരം | കൂർക്കഞ്ചേരി | ചേർപ്പ് |
| 283 | ഹെർബർട്ട് നഗർ | ,, | ,, |
| 284 | ചിയാരം | ,, | ,, |
| 285 | പെരിമ്പിളശ്ശേരി | ചേർപ്പ് | ,, |
| 286 | ആറാട്ടുപുഴ | വല്ലച്ചിറ | ,, |
| 287 | അഞ്ചേരി മോഡൽ കോളനി | ഒല്ലൂർ | ചേർപ്പ് |
| 288 | വളർക്കാവ് | ,, | ,, |
| 289 | മൂലക്കര രാജാറാം കോളനി | ,, | ,, |
| 290 | നെല്ലങ്കര | ,, | ,, |
| 291 | പട്ടിക്കാട് (കല്ലിമുക്ക്) | പാണൻചേരി | ഒല്ലൂർക്കര |
| 292 | പാണൻചേരി കുട്ടാല | ,, | ,, |
| 293 | നെട്ടിശ്ശേരി | ഒല്ലൂർ | ചേർപ്പ് |
| 294 | കൊടക്കുള്ളി | നടത്തറ | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 295 | നടത്തറ | നടത്തറ | ചേർപ്പ് |
| 296 | മുളയം | ,, | ,, |
| 297 | അഞ്ചേരി പള്ളൻ കോളനി | ,, | ,, |
| 298 | കൈതന്നൂർ | പുത്തൂർ | ഒല്ലൂർക്കര |
| 299 | വെട്ടിയാട് | ,, | ,, |
| 300 | മനിക്കുന്ന് | ,, | ,, |
| 301 | മരത്താക്കര | ,, | ,, |
| 302 | മാടക്കത്തറ (കള്ളാച്ചി) | മാടക്കത്തറ | ,, |
| 303 | പടിയൂർ | പടിയൂർ | വേളങ്ങല്ലൂർ |
| 304 | എടക്കളം പുലയകോളനി | പൂമംഗലം | ,, |
| 305 | എടക്കുളം പടന്നകോളനി | ,, | ,, |
| 306 | കടപ്പശ്ശേരി | വേളൂർക്കൽ | ,, |
| 307 | പുരാട്ടകുന്ന് | ,, | ,, |
| 308 | കുന്നുമ്മക്കാടി | ,, | ,, |
| 309 | നടവരമ്പ് വേളൂക്കര | ,, | ,, |
| 310 | വെള്ളാനി കോഴിക്കുന്ന് | ,, | ,, |
| 311 | പുല്ലൂർ വടക്കുംമുറി | മുരിയാട് | ഇരിങ്ങാലക്കുട |
| 312 | പുല്ലൂർ പുലയ കോളനി | ,, | ,, |
| 313 | പുല്ലൂർ പടന്ന കോളനി | ,, | ,, |
| 314 | ആനന്ദപുരം പടന്ന കോളനി | ,, | ,, |
| 315 | മുരിയാട് കന്നത്ര | മുരിയാട് | ഇരിങ്ങാലക്കുട |
| 316 | നന്ദിക്കര ഗാന്ധിനഗർ | പറപ്പൂക്കര | ,, |
| 317 | പോങ്കോത്ര | ,, | ,, |
| 318 | മുത്രത്തിക്കര | ,, | ,, |
| 319 | നെടുമ്പാൾ | ,, | ,, |
| 320 | ചെമ്മണ്ട | പൊറത്തിശ്ശേരി | ,, |
| 321 | കുഴിക്കാട്ടുകോണം | ,, | ,, |
| 322 | പിച്ചാംപിള്ളിക്കോണം (കാരക്കടി) | ,, | ,, |
| 323 | തളിച്ചക്കോണം (കാറളം) | ,, | ,, |
| 324 | ഇരിഞ്ഞാലക്കുട ആൺകോളനി | ,, | ,, |
| 325 | ആനന്ദപുരം വെള്ളിലാംകുന്ന് | മുരിയാട് | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 326 | പൂക്കോട് | അളഗപ്പനഗർ | കൊടകര |
| 327 | വണ്ണംപേട്ട | ,, | ,, |
| 328 | നാഡിപ്പാറ | മറ്റത്തൂർ | ,, |
| 329 | മുരക്കണൽ | ,, | ,, |
| 330 | വെള്ളികുളങ്ങര | ,, | ,, |
| 331 | അന്നാമ്പാടം | ,, | ,, |
| 332 | കടംവോട്ട | ,, | ,, |
| 333 | കല്ലൂർ വടക്കുംമുറി | കല്ലൂർ വടക്കുംമുറി | ,, |
| 334 | മുറ്റിച്ചിറ | കോടശ്ശേരി | ചാലക്കുടി |
| 335 | വയലത്ര | ,, | ,, |
| 336 | ചെട്ടിക്കുളം | ,, | ,, |
| 337 | നായരങ്ങാടി | ,, | ,, |
| 338 | മണലായി | ,, | ,, |
